28
2026
ജനുവരി
ബുധൻ
മകരം 14

NAUTICAL TIMES KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-7, Issue No. 27 Page 4, Price: Rs. 2 പുസ്തകം-7 ലക്കം-27 പേജ് 4. വില 2.00 രൂപ








02 ലോക കേരളസഭ അഞ്ചാം സമ്മേളനം 29 മുതൽ 31 വരെ

03 ഇറാൻ പ്രക്ഷോഭത്തിൽ 30, 000 പേർ കൊല്ലപ്പെട്ടെന്ന് ടൈം മാഗസിൻ

04 ശബരിമല സ്വർണക്കൊള്ള; എസ്ഐടിക്കെതിരെ രൂക്ഷവിമർശനവുമായി ഹൈക്കോടതി


### ചരിത്രപരമായ ചുവടുവയ്പ്പ്

# ഇന്ത്യ- ഇയു സ്വതന്ത്ര വ്യാപാര കരാർ ഒപ്പിട്ടു

## യൂറോപ്യൻ ഉത്പന്നങ്ങൾക്ക് കുത്തനെ വിലകുറയും

ന്യൂഡൽഹി: ഇന്ത്യയും യൂറോപ്യൻ യൂണിയനും (ഇയു) തമ്മിൽ നിർണായക സ്വതന്ത്ര വ്യാപാര കരാറിൽ (എഫ്ടിഎ) ഒപ്പിട്ടു. യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപിൻറെ നയങ്ങൾ ആഗോള തലത്തിൽ സൃഷ്ടിച്ച അനിശ്ചിതത്വങ്ങൾക്കിടയിൽ, ഇന്ത്യയും യൂറോപ്പും തമ്മിലുള്ള സാമ്പത്തിക-പ്രതിരോധ ബന്ധം പുതിയ തലത്തിലേക്ക് ഉയർത്തുന്നതാണ് ഈ ചരിത്ര കരാർ.

രാവിലെ 11: 10ന് രാജ്ഘട്ടിലെ പുഷ്പാർച്ചനയോടെയാണ് ഉച്ചകോടിയിലെ ഔദ്യോഗിക ചടങ്ങുകൾ ആരംഭിച്ചത്. 77-ാമത് റിപ്പബ്ലിക് ദിന ആഘോഷങ്ങളിൽ മുഖ്യാതിഥികളായി പങ്കെടുത്ത യൂറോപ്യൻ കമ്മീഷൻ പ്രസിഡൻറ് ഉർസുല വോൺ ഡെർ ലെയൻ, യൂറോപ്യൻ കൗൺസിൽ പ്രസിഡൻറ് അൻറോണിയോ കോസ്റ്റ എന്നിവരുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി ചർച്ച നടത്തി. വൈകുന്നേരം രാഷ്ട്രപതി ഭവനിൽ രാഷ്ട്രപതി ദ്രൗപദി മുർമുവുമായും യൂറോപ്യൻ യൂണിയൻ നേതാക്കൾ കൂടിക്കാഴ്ച നടത്തും.

'എല്ലാ ഇടപാടുകളുടെയും മാതാവ്' എന്നാണ് പ്രധാനമന്ത്രി നരേന്ദ്ര മോദി കരാറിനെ വിശേഷിപ്പിച്ചത്. ചരിത്ര മുഹൂർത്തമെന്ന് യൂറോപ്യൻ യൂണിയനും വിശേഷിപ്പിച്ചു. വ്യാപാര കരാറിന് പുറമേ പ്രതിരോധ സുരക്ഷാ കരാറും ഒപ്പുവച്ചു. 2030 വരെ നീളുന്ന വിവിധ മേഖലകളിലെ സഹകരണ അജണ്ടയും കൈമാറി. കരാർ സാധ്യമായാൽ 200 കോടി ജനങ്ങളെ ഉൾക്കൊള്ളുന്ന ലോകത്തിലെതന്നെ ഏറ്റവും വലിയ സ്വതന്ത്ര വ്യാപാര വിപണികളിലൊന്നായി ഇതു മാറും. ആഗോള ജിഡിപിയുടെ നാലിലൊന്ന് ഈ രണ്ടു മേഖലകളിൽനിന്നാണ്.

കരാർ അനുസരിച്ച്, കാറുകൾ അടക്കം യൂറോപ്പിൽ നിന്നുള്ള പല ഉത്പന്നങ്ങൾക്കും വില കുത്തനെ കുറയും. യൂറോപ്പിൽ നിന്ന് കയറ്റുമതി ചെയ്യുന്ന ഏകദേശം 97 ശതമാനത്തിനും താരിഫ് കുറയുന്നതിനോ ഒഴിവാക്കുന്നതിനോ കരാറിലൂടെ കഴിയും.

പാസ്ത, ചോക്ലേറ്റ് എന്നിവയുൾപ്പെടെയുള്ള സംസ്കരിച്ച ഭക്ഷണങ്ങളുടെ തീരുവ പൂർണമായും ഒഴിവാക്കിയേക്കും. വൈനുകളുടെ തീരുവ



ക്രമേണ 150 ശതമാനത്തിൽ നിന്ന് 20 ശതമാനമായി കുറഞ്ഞേക്കും. കാറുകളുടെ താരിഫ് ക്രമേണ 110 ശതമാനത്തിൽ നിന്ന് 10 ശതമാനമായി കുറഞ്ഞേക്കും.

യൂറോപ്പിൽ നിന്നുള്ള ബീയറിനും വില കുറയും. ഉപകരണങ്ങൾക്കുള്ള തീരുവ 44 ശതമാനം നീങ്ങും. ഫാർമ ഉത്പന്നങ്ങൾക്കുള്ള 11 ശതമാനം തീരുവയും നീക്കും. യൂറോപ്പിൽ നിന്നു കയറ്റുമതി ചെയ്യുന്ന ഏകദേശം 97 ശതമാനത്തിനും താരിഫ് കുറയുന്നതിനോ ഒഴിവാക്കുന്നതിനോ കരാറിലൂടെ കഴിയും.

യൂറോപ്യൻ യൂണിയൻറെ 150 ബില്യൺ യൂറോ പദ്ധതിയായ 'സേഫ്'-ൽ ഇന്ത്യൻ കമ്പനികൾക്കു പങ്കാളികളാകാൻ ഇതിലൂടെ സാധിക്കുമെന്നതു രാജ്യത്തിനു ഗുണകരമാകും.

2024-25 സാമ്പത്തിക വർഷത്തിൽ ഇന്ത്യയും യൂറോപ്യൻ യൂണിയനും തമ്മിൽ ഏകദേശം 136 ബില്യൺ ഡോളറിൻറെ വ്യാപാരമാണു നടത്തിയത്. പുതിയ കരാർ നിലവിൽ വരുന്നതോടെ ഇരട്ടിയാകുമെന്നാണു പ്രതീക്ഷിക്കുന്നത്.

ആഗോള സുരക്ഷയിലും കരാർ നിർണായക പങ്കുവഹിക്കും. റഷ്യ-യുക്രെയ്ൻ യുദ്ധം ഉൾപ്പെടെയുള്ള അന്താരാഷ്ട്ര വിഷയങ്ങളിൽ ഇരുപക്ഷവും ചർച്ചകൾ നടത്തും. പ്രാദേശികമായ അഭിപ്രായ വ്യത്യാസങ്ങൾ നിലനിൽക്കുന്നുണ്ടെങ്കിലും സുസ്ഥിരമായ ഒരു ആഗോളക്രമം നിലനിർത്തുന്നതിൽ ഇന്ത്യയും യൂറോപ്യൻ യൂണിയനും ഒരേ നിലപാടിലാണ്.

2007ൽ ആരംഭിച്ച ചർച്ചകൾ പലതവണ തടസപ്പെട്ടെങ്കിലും, 2022ൽ പുനരാരംഭിച്ച ചർച്ചകളാണ് ഇപ്പോൾ ഒരു വൻ കരാറിലേക്ക് എത്തിനിൽക്കുന്നത്. ചൈനയെയും അമേരിക്കയെയും അമിതമായി ആശ്രയിക്കുന്നത് കുറയ്ക്കാൻ യൂറോപ്പും ആഗോള വിപണിയിൽ കൂടുതൽ വേരോട്ടമുണ്ടാക്കാൻ ഇന്ത്യയും ആഗ്രഹിക്കുന്ന സാഹചര്യത്തിൽ കരാർ വലിയ പ്രാധാന്യമർഹിക്കുന്നു.

## മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ വിവേചനം

തിരുവനന്തപുരം: കേരളത്തിലെ മത്സ്യത്തൊഴിലാളികളുടെയും, അനുബന്ധ തൊഴിലാളികളുടെയും വിരമിക്കൽ ആനുകൂല്യത്തിൽ മരണമടഞ്ഞ ഭർത്താക്കന്മാരുടെ വിധവകളെ വിരമിക്കൽ ആനുകൂല്യത്തിൽ നിന്ന് ക്ഷേമനിധി ബോർഡും, സർക്കാരും ഒഴിവാക്കിയത് കടുത്ത വിവേചനമാണ് കാണിച്ചതെന്ന് സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷൻ സംസ്ഥാന കമ്മിറ്റി. ക്ഷേമനിധി ബോർഡ് അംഗങ്ങൾ അംശാദായമായി അടച്ച മത്സ്യത്തൊഴിലാളികൾക്കാണ് ഈ തുക വിതരണം ചെയ്യുന്നത്. വിധവകളും അതുപോലെ അംശാദായം അടച്ചവരല്ലേയെന്ന് ഫെഡറേഷൻ. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് സംസ്ഥാനതലത്തിൽ നാൽപ്പതാം(40) വാർഷികം27/1/2026ൽ ആഘോഷിക്കുന്ന ക്ഷേമനിധി ബോർഡ് മത്സ്യമേഖലയിലെ മത്സ്യത്തൊഴിലാളികളുടെയും അവരുടെ കുടുംബങ്ങളുടെയും സമഗ്രക്ഷേമവും അവരുടെ ദൈനംദിന ജീവിത സുരക്ഷയും ഉറപ്പാക്കുന്നതിനും തൊഴിലാളികളെ സമൂഹത്തിന്റെ മുഖ്യധാരയിൽ ഉയർത്തുക എന്ന ലക്ഷ്യത്തോടുകൂടി നടപ്പിലാക്കുന്ന ഈ വിരമയ്ക്കൽ പദ്ധതിയിൽ നിന്നും മത്സ്യത്തൊഴിലാളി വിധവകളെ( സ്ത്രീകൾ ) ഒഴിവാക്കിയത് മനുഷ്യാവകാശ ധ്വംസനമാണെന്ന് സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷൻ. സംസ്ഥാന പ്രസിഡണ്ട് പി സ്റ്റെല്ലസിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ. സംസ്ഥാന ചീഫ് കോഡിനേറ്റർ ഡോക്ടർ എഫ് എം ലാസർ, സുരേന്ദ്രൻ മാഹി, റജീന ഇഗ്നേഷ്യസ്, ശശിധരൻ തൃക്കണ്ണപ്പുഴ, മരിയ കുട്ടി ജസ്റ്റിൻ, വർക്കല സബേശൻ, ചിക്കു അച്ചു അഴീക്കൽ, പൂന്തുറ ബിബിൻദാസ് വിഴിഞ്ഞം മേരി, മഞ്ജു സന്തോഷ് കുമാർ കണ്ണാന്തുറ, പീറ്റർ പോൾ വെട്ടുകാട്, പൂന്തുറ മണിയൻ, കൊല്ലംകോട് അജിത, ബീമാപള്ളി റംല ബീവി, ലീനു വെട്ടുകാട്, ജൂബിറ്റ് കൊച്ചു തോപ്പ് എന്നിവർ യോഗത്തിൽ സംസാരിച്ചു.

## ദീപക്കിന്റെ മരണം; ഷിംജിതയുടെ ജാമ്യാപേക്ഷ തള്ളി

കോഴിക്കോട്: സ്വകാര്യ ബസിൽ വച്ച് ലൈംഗിക അതിക്രമം നടത്തിയെന്ന് ആരോപിക്കുന്ന വീഡിയോ പ്രചരിച്ചതിന് പിന്നാലെ കോഴിക്കോട് സ്വദേശി ദീപക് ആത്മഹത്യ ചെയ്ത കേസിലെ പ്രതി ഷിംജിതയുടെ ജാമ്യാപേക്ഷ തള്ളി. കുന്ദമംഗലം ഒന്നാം ക്ലാസ്സ് മജിസ്ട്രേറ്റ് കോടതിയാണ് ജാമ്യാപേക്ഷ തള്ളിയത്

കുന്ദമംഗലം പോലീസ് കോടതിയിൽ സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ച ശേഷമാണ് കോടതി ജാമ്യാപേക്ഷയിൽ വിധി പറഞ്ഞത്. പ്രതി പകർത്തിയ വീഡിയോ പോസ്റ്റ് ചെയ്തത് അല്ലാതെ ദീപക് മരിക്കാൻ മറ്റ് കാരണങ്ങളില്ലെന്നാണ് പോലീസ് കോടതിയിൽ സമർപ്പിച്ച റിപ്പോർട്ടിൽ പറയുന്നത്.

തുടർന്നു കുന്ദമംഗലം കോടതി പ്രതിയെ റിമാൻഡ് ചെയ്തു. നിലവിൽ മഞ്ചേരി വനിതാ ജയിലിലാണ് ഷിംജിതയെ പാർപ്പിച്ചിട്ടുള്ളത്.

അസിസ്റ്റൻറ് പ്രഫസറായ ഷിംജിതയ്ക്കു നിയമത്തെക്കുറിച്ച് കൃത്യമായ അവബോധമുണ്ടായിരുന്നു.

ഷിംജിതയുടെ ഫോൺ പരിശോധിച്ചപ്പോൾ, ബസിൽ വച്ച് ദീപക്കിനെ അസ്വീകാര്യമായ രീതിയിൽ ഉൾപ്പെടുത്തി പലതവണ വീഡിയോ ചിത്രീകരിച്ചെന്ന് വ്യക്തമാകുന്നുണ്ടെന്നും റിമാൻഡ് റിപ്പോർട്ടിൽ പറഞ്ഞിരുന്നു.

ഷിംജിതയും ദീപക്കും യാത്ര ചെയ്ത ബസിൽ അസ്വാഭാവികമായി ഒന്നും നടന്നില്ലെന്നാണ് റിമാൻഡ് റിപ്പോർട്ടിൽ പറയുന്നത്.

### പെനാങ് റോഡ്ഷോ ഒൻപതാം പതിപ്പ് കൊച്ചിയിൽ

തിരുവനന്തപുരം: പെനാങ് കൺവെൻഷൻ ആൻഡ് എക്സിബിഷൻ ബ്യൂറോ പെനാങ് റോഡ്ഷോടു ഇന്ത്യ 2026 ന്റെ ഒൻപതാമത് പതിപ്പ് കൊച്ചിയിൽ നടന്നു. ജനുവരി 19 മുതൽ 27 വരെ നടന്ന റോഡ്ഷോകൾ ഇന്ത്യയിലെ നാല് പ്രധാന നഗരങ്ങളിലായാണ് നടന്നത്. കൊച്ചിക്കു മുൻപ് മുംബൈയിലും ന്യൂഡൽഹിയിലും ഷോകൾ നടന്നു.

നാല് നഗരങ്ങളിലായി നടന്ന റോഡ് ഷോയിൽ 800 ലധികം ബിസിനസുകാരും 100ലധികം മാധ്യമ പ്രതിനിധികളും പങ്കെടുത്തു.

## ഭക്ഷ്യ വ്യവസായത്തിൽ കേരള ഫിഷറീസ് സമുദ്ര പഠന സർവകലാശാലയിൽ പുതിയ പിജി ഡിപ്ലോമ കോഴ്സുകൾ ആരംഭിക്കുന്നു.

തിരുവനന്തപുരം : ഭക്ഷ്യ മേഖലയിലെ ഉയരുന്ന ആവശ്യകത കണക്കിലെടുത്ത് കേരള ഫിഷറീസ് സമുദ്ര പഠന സർവകലാശാലയിൽ (കുഫോസ് ) രണ്ട് പുതിയ ഭക്ഷ്യ- വ്യവസായ കേന്ദ്രീകൃത പിജി ഡിപ്ലോമ കോഴ്സുകൾ ആരംഭിക്കുന്നു. പിജി ഡിപ്ലോമ ഇൻ ഫുഡ് ബിസിനസ് മാനേജ്മെന്റ്, പിജി ഡിപ്ലോമ ഇൻ ഫുഡ് എക്സ്പോർട്ട് ഇൻപോർട്ട് മാനേജ്മെന്റ് എന്നീ കോഴ്സുകളാണ് ആരംഭിക്കുന്നത്. ഭക്ഷ്യ മേഖലയിലേക്ക് കടന്നു വരാൻ ആഗ്രഹിക്കുന്ന വിദ്യാർഥികൾക്കും, നിലവിൽ മേഖലയുമായി ബന്ധപ്പെട്ട് ജോലി ചെയ്യുന്നവർക്കും, ഭക്ഷ്യ മേഖല സ്വയം തൊഴിൽ സംരംഭകർക്കും വിദഗ്ധർക്കും പ്രയോജനകരമായ രീതിയിലാണ് കോഴ്സുകൾ രൂപകല്പന ചെയ്തിരിക്കുന്നത്. അതിവേഗം വളരുന്ന കാർഷിക -ഭക്ഷ്യ മേഖലകളുടെ വിജയകരമായ മുന്നേറ്റത്തിനാവശ്യമായ സാങ്കേതികവും നടത്തിപ്പുമായി ബന്ധപ്പെട്ട കഴിവുകൾ, അറിവുകൾ എന്നിവ കോഴ്സുകൾ വഴി ലഭ്യമാക്കും. ഒരു വർഷമാണ് കോഴ്സിന്റെ ദൈർഘ്യം. കുഫോസിലെ ഡിപ്പാർട്ട്മെന്റ് ഓഫ് ഫുഡ് സയൻസ് ആൻഡ് ടെക്നോളജി, ഫാക്കൽറ്റി ഓഫ് ഓഷ്യൻ സയൻസ് ആൻഡ് ടെക്നോളജി, ഫാക്കൽറ്റി ഓഫ് ഫിഷറീസ് മാനേജ്മെന്റ് എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിലാണ് കോഴ്സുകൾ നടത്തപ്പെടുന്നത്.

**കോഴ്സിന്റെ പ്രത്യേകതകൾ:**

2026 ഫെബ്രുവരി 16ന് ആരംഭിക്കുന്ന കോഴ്സുകൾ സ്വയം സംരംഭകർക്കും ഉദ്യോഗാർത്ഥികൾക്കും ആവശ്യമായ എല്ലാ മേഖലകളും ഉൾപ്പെടുത്തിയിട്ടുള്ളതാണ്. പിജി ഡിപ്ലോമ ഇൻ ഫുഡ് ബിസിനസ് മാനേജ്മെന്റ്: ഭക്ഷ്യ വ്യവസായത്തിന്റെ പ്രവർത്തനം, നടത്തിപ്പ്, നയതന്ത്രം തുടങ്ങിയ വശങ്ങളെ സമന്വയിപ്പിക്കുന്ന കോഴ്സ് ആണ് ഇത്. സപ്ലൈ ചെയിൻ മാനേജ്മെന്റ്, ഗുണനിലവാര നിയന്ത്രണം, ലോജിസ്റ്റിക്സ്, കൂടാതെ എഫ് എസ് എസ് എ ഐ മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന ഭക്ഷ്യ വ്യവസായത്തിന്റെ നിയമ വശങ്ങൾ എന്നിവയ്ക്ക് പ്രത്യേക പ്രാധാന്യം നൽകുന്നു. പി ജി ഡിപ്ലോമ ഇൻ ഫുഡ് എക്സ്പോർട്ട് ഇംപോർട്ട് മാനേജ്മെന്റ്: അഗ്രി എക്സ്പോർട്ട് പോളിസി പോലുള്ള സർക്കാർ സംരംഭങ്ങളുമായി ചേർന്ന് രൂപകൽപ്പന ചെയ്തിരിക്കുന്ന ഈ പി ജി ഡിപ്ലോമ കോഴ്സ്, അന്താരാഷ്ട്ര വ്യാപാര ലോജിസ്റ്റിക്സ്, ഡോക്യുമെന്റേഷൻ നടപടികൾ, വിപണി ഗതാഗതങ്ങൾ, ആഗോള വ്യാപാരത്തിലെ അപകടസാധ്യത കൈകാര്യം ചെയ്യൽ എന്നിവയിൽ സമഗ്രമായ അടിത്തറ നൽകുന്നു. രജിസ്ട്രേഷൻ ലിങ്ക്: https: //forms. gle/ n5nNYfvsRWRM5en1A

അംഗീകൃത സർവകലാശാലയിൽ നിന്നുള്ള ഏതെങ്കിലും വിഷയത്തിലെ ബിരുദം അല്ലെങ്കിൽ ബിരുദാനന്തര ബിരുദമാണ് യോഗ്യത. ഓരോ കോഴ്സിനും 20 സീറ്റുകൾ വീതമാണ് ഉള്ളത് 2026 ജനുവരി 31 വരെ രജിസ്റ്റർ ചെയ്യാം.കോഴ്സ് ഘടന, യോഗ്യത മാനദണ്ഡങ്ങൾ, അപേക്ഷാ നടപടികൾ എന്നിവ സംബന്ധിച്ച വിശദ വിവരങ്ങൾ അറിയാൻ ഔദ്യോഗിക സർവ്വകലാശാല വെബ്സൈറ്റ് സന്ദർശിക്കുക: www. kufos. ac. in

## പട്ടം എസ്.യു.ടി യിൽ റിപ്പബ്ലിക് ദിനം ആഘോഷിച്ചു

തിരുവനന്തപുരം: രാജ്യത്തിന്റെ എഴുപത്തി ഏഴാമത് റിപ്പബ്ലിക് ദിനം എസ്. യു. ടി. ആശുപത്രിയിൽ സമുചിതമായി ആഘോഷിച്ചു.

എം. ഡി. & ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ കേണൽ രാജീവ് മണ്ണാളി പതാകയുയർത്തി. തദവസരത്തിൽ ആശുപത്രിയിലെ സെക്യൂരിറ്റി ജീവനക്കാരും എസ്. യു. ടി നഴ്സിംഗ് സ്കൂൾ യൂത്ത് റെഡ് ക്രോസ്സ് യൂണിറ്റും ചേർന്ന് പരേഡ് നടത്തി. മെഡിക്കൽ സൂപ്രണ്ട് ഡോ. വി രാജശേഖരൻ നായർ, കാർഡിയോ വാസ്ക്കുലർ സർജൻ ഡോ. ഉണ്ണികൃഷ്ണൻ, ചീഫ് ലയ്സൺ ഓഫീസർ രാധാകൃഷ്ണൻ നായർ, സെക്യൂരിറ്റി ഓഫീസർ ജേക്കബ് സാമുവൽ, ഹ്യൂമൻ റിസോഴ്സസ് ജനറൽ മാനേജർ ദേവി കൃഷ്ണ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

## ശബരിമല സ്വർണക്കൊള്ള: എ.പത്മകുമാറിന്റെ റിമാൻഡ് നീട്ടി കോടതി

കൊല്ലം: ശബരിമല സ്വർണക്കൊള്ള കേസിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് മുൻ പ്രസിഡൻറ് എ. പത്മകുമാറിന്റെ റിമാൻഡ് നീട്ടി കോടതി.

14 ദിവസത്തേയ്ക്ക് കൂടിയാണ് നീട്ടിയത്. കൊല്ലം വിജിലൻസ് കോടതിയുടേതാണ് നടപടി. പത്മകുമാറിനെ ഫെബ്രുവരി 10ന് വീണ്ടും ഹാജരാക്കും. റിമാൻഡ് 90 ദിവസം പിന്നിട്ടാൽ ജാമ്യഹർജി സമർപ്പിക്കാനാണ് പത്മകുമാറിന്റെ നീക്കം. കേസിൽ എ. പത്മകുമാർ ക്രിമിനൽ ഗൂഢാലോചന നടത്തിയെന്ന് കൊല്ലം വിജിലൻസ് കോടതി നേരത്തെ നിരീക്ഷിച്ചിരുന്നു. തന്ത്രിയുടെ അഭിപ്രായം അവഗണിച്ചാണ് പത്മകുമാർ പാളികൾ കൊടുത്തുവിട്ടതെന്നാണ് എസ്ഐടി കോടതിയെ അറിയിച്ചത്. ദേവസ്വം മിനുട്സിൽ തിരുത്തൽ വരുത്തിയത് മനഃപൂർവമാണ്.

പിച്ചളപാളി എന്നത് മാറ്റി ചെമ്പ് പാളി എന്നെഴുതി 'അനുവദിക്കുന്നു' എന്നും മിനുട്സിൽ സ്വന്തം കൈപ്പടയിൽ പത്മകുമാർ എഴുതിയെന്നാണ് അന്വേഷണ സംഘത്തിന്റെ കണ്ടെത്തൽ. ഇതിന് പിന്നാലെയാണ് പോറ്റിയ്ക്ക് പാളികൾ കൈമാറിയതെന്നും എസ്ഐടി റിപ്പോർട്ടിൽ പറയുന്നു. തന്ത്രി അനുമതി നൽകിയെന്ന പത്മകുമാറിന്റെ വാദം തെറ്റാണെന്നും എസ്ഐടി റിപ്പോർട്ടിൽ വ്യക്തമാക്കുന്നുണ്ട്.



# ലോക കേരളസഭ അഞ്ചാം സമ്മേളനം 29 മുതൽ 31 വരെ

ലോക കേരളസഭ അഞ്ചാം സമ്മേളനം 29 മുതൽ 31 വരെ തിരുവനന്തപുരത്ത് സംഘടിപ്പിക്കുമെന്ന് സ്പീക്കർ എ എൻ ഷംസീർ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. 29ന് വൈകുന്നേരം നിശാഗന്ധി ഓഡിറ്റോറിയത്തിൽ പൊതുയോഗവും തുടർന്ന് ഭാരത് ഭവന്റെ നേതൃത്വത്തിൽ കലാ പരിപാടിയും നടക്കും. 30, 31 തീയതികളിൽ നിയമസഭയിലെ ശങ്കരനാരായണൻ തമ്പി ഹാളിലാണ് ലോക കേരള സഭാ നടപടികൾ നടക്കുക.

ലോക കേരള സഭയുടെ മുൻ സമ്മേളനങ്ങളിൽ ഉയർന്നു വന്ന നിർദേശങ്ങളിൽ നോർക്ക വകുപ്പ് നേരിട്ട് നടപ്പിലാകിയ സ്റ്റുഡന്റ് മൈഗ്രേഷൻ പോർട്ടൽ, ലോക കേരളം ഓൺലൈൻ സേവനങ്ങൾ, പ്രവാസി മിഷൻ, എയർപോർട്ട് ഹെല്പ് ഡസ്കുകൾ തുടങ്ങിയവ മുഖ്യമന്ത്രി പിണറായി വിജയൻ സഭയിൽ ഉദ്ഘാടനം ചെയ്യും. നോർക്കയുടെ കീഴിലുള്ള ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് ഹോൾഡിംഗ് ലിമിറ്റഡ് നടപ്പിലാക്കിയ 'ഷെർപ്പ' നിക്ഷേപ പ്രോത്സാഹന പോർട്ടലിന്റെ ഉദ്ഘാടനവും മുഖ്യമന്ത്രി നിർവഹിക്കുമെന്ന് സ്പീക്കർ അറിയിച്ചു.

ലോക കേരള സഭയുടെ അഞ്ചാം സമ്മേളനത്തിൽ 125 രാജ്യങ്ങളിൽ നിന്നും 28 ഇന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നുമുള്ള പ്രവാസി പ്രതിനിധികളുടെ പ്രാതിനിധ്യമുണ്ടാകും. പ്രവാസികളായ 182 അംഗങ്ങളും പ്രത്യേക ക്ഷണിതാക്കളും ഇത്തവണ സഭയിൽ പങ്കെടുക്കും.

2018 ലെ ആദ്യ ലോക കേരള സഭയിൽ 35 രാജ്യങ്ങളിൽ ഒതുങ്ങി നിന്ന പ്രവാസി പ്രാതിനിധ്യം അഞ്ചാം സഭയിലെത്തുമ്പോൾ 125 രാജ്യങ്ങളിലേക്ക് വ്യാപിച്ചത് സഭയ്ക്ക് പ്രവാസികൾ നൽകുന്ന പ്രാധാന്യത്തിന്റെ തെളിവാണെന്ന് സ്പീക്കർ പറഞ്ഞു.

ലോക കേരള സഭയോട് അനുബന്ധിച്ച് 30ന് വൈകുന്നേരം 3ന് യൂണിവേഴ്സിറ്റി കോളേജിൽ 'നവകേരള നിർമ്മിതിയിൽ പ്രവാസികളുടെ പങ്ക്' എന്ന വിഷയത്തിൽ ഓപ്പൺ ഫോറം സംഘടിപ്പിക്കും. ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. ആർ ബിന്ദു, രവി രാമൻ, ജോൺ ബ്രിട്ടാസ് എം പി, എം എ യൂസഫലി, സന്തോഷ് ജോർജ് കുളങ്ങര, മുരളി തുമ്മാരുകുടി, ഡോ. ഇരുദയ രാജൻ, വിദ്യാർത്ഥി പ്രതിനിധികൾ തുടങ്ങിയർ പങ്കെടുക്കും.

പ്രവാസി ഭരണ നിർവ്വഹണം: നവീകരണ സാധ്യതകളും പരിഷ്കാരങ്ങളും, വിദേശ തൊഴിൽ അവസരങ്ങളും സുരക്ഷിത കുടിയേറ്റവും: മാറുന്ന തൊഴിൽ സാഹചര്യങ്ങൾ, നവതൊഴിൽ മേഖലകൾ, തൊഴിൽ കരാറുകൾ, വിദ്യാർത്ഥി കുടിയേറ്റം: ഭാവിയും വെല്ലുവിളികളും, സ്ത്രീ കുടിയേറ്റം: പുതിയ പ്രവണതകൾ, പ്രവാസി നിക്ഷേപവും സംരംഭകത്വവും: നവീകരണ - വൈവിധ്യവൽക്കരണ സാധ്യതകൾ, പുതു തലമുറ പ്രവാസവും വിജ്ഞാന-നൈപുണ്യ വിനിമയ സാധ്യതകളും, പ്രവാസി പുനരധിവാസ - ക്ഷേമ പദ്ധതികളുടെ ഭാവിയും സുസ്ഥിര സാമ്പത്തിക മാതൃകകളുടെ ആവശ്യകതയും, കേരളീയ കല-സാഹിത്യ- ഭാഷ പ്രചാരണത്തിൽ പ്രവാസി മലയാളി സംഘടനകളുടെ പങ്ക് എന്നീ എട്ട് വിഷയങ്ങളിൽ ചർച്ചകളും ഗൾഫ്, ഏഷ്യ - പസഫിക്, യൂറോപ്പ് ആന്റ് യുകെ, അമേരിക്കൻ വൻകര, ആഫ്രിക്ക, ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങൾ, തിരികെ എത്തിയ പ്രവാസികൾ തുടങ്ങിയ ഏഴു മേഖലാ സമ്മേളനങ്ങളും 30നു 2 മുതൽ 6 വരെ നടക്കും.

സമ്മേളനത്തിൽ മന്ത്രിമാർ, വകുപ്പ് സെക്രട്ടറിമാർ, വിഷയ വിദഗ്ധർ, എംഎൽഎമാർ എന്നിവർ പങ്കെടുക്കുമെന്നും സ്പീക്കർ പറഞ്ഞു.

ലോക കേരള സഭയ്ക്ക് ദേശീയ തലത്തിൽ അംഗീകാരം കിട്ടിയ കാലഘട്ടം കൂടിയാണിത്. വിദേശകാര്യ വകുപ്പിന്റെ പാർലമെന്ററി കമ്മിറ്റി റിപ്പോർട്ട് അധികരിച്ചു ലോക കേരള സഭയുടെ പ്രവർത്തനങ്ങളുടെ വിവരങ്ങൾ ആവശ്യപ്പെടുകയും അതിൻ പ്രകാരം ഇതര ഇന്ത്യൻ സംസ്ഥാനങ്ങൾക്ക് ഇത്തരം മാതൃകകൾ രൂപീകരിക്കാൻ നിർദേശം നൽകുകയും ചെയ്തിട്ടുണ്ട്..

ലോക കേരള സഭയുടെ നാലാം സമ്മേളനത്തിൽ പ്രതിനിധികൾ ഉന്നയിച്ച ശുപാർശകളിൽ സാധ്യമായ 28 ശുപാർശകൾ നടപ്പിലാക്കി വരികയാണ്. 23 നിർദേശങ്ങൾ സംസ്ഥാന സർക്കാരാണ് നടപ്പിലാക്കുന്നത്.

സർക്കാർ നടപ്പിലാക്കുന്നവയിൽ 16 നിർദേശങ്ങൾ നോർക്ക വകുപ്പും, ഏഴെണ്ണം ലോക കേരളസഭ സെക്രട്ടറിയേറ്റിന്റെ സഹായത്തോടെയുമാണ് സാധ്യമാക്കുന്നത്. ഇതിൽ 10 നിർദേശങ്ങൾ നടപ്പിൽ വരുത്തിയിട്ടുണ്ട്. ബാക്കിയുള്ള 13 നിർദേശങ്ങൾ നടപ്പിലാക്കി വരുന്നു. കേന്ദ്ര സർക്കാരിനു സമർപ്പിച്ച അഞ്ച് നിർദേശങ്ങൾ വിദേശകാര്യ വകുപ്പിന്റെ പാർലമെൻറി കമ്മിറ്റി മുൻപാകെ വിശദമായി അവതരിപ്പിച്ചതായും സ്പീക്കർ വ്യക്തമാക്കി.

പ്രവാസി മിഷൻ, നോർക്ക കെയർ - സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി, വിദേശ രാജ്യങ്ങളിലെ ഹെൽപ് ഡെസ്കുകൾ, സ്റ്റുഡന്റ് മൈഗ്രേഷൻ പോർട്ടൽ, ലോക കേരളം ഓണലൈൻ സേവനങ്ങൾ, നോർക്ക പ്രൊഫഷണൽ ആൻഡ് ബിസിനസ് ലീഡർഷിപ്പ് മീറ്റ്, എയർപോർട്ട് ഹെൽപ് ഡസ്ക്, നോർക്ക പോലീസ് സ്റ്റേഷൻ തുടങ്ങിയ വിവിധ പദ്ധതികൾക്ക് പുറമേ പ്രതിനിധികൾ സർക്കാരിനു നേരിട്ട് സമർപ്പിച്ച പ്രപ്പോസലുകൾ ലോക കേരള സഭ സെക്രട്ടറിയേറ്റ് വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ നടപ്പിലാക്കാൻ ശ്രമങ്ങൾ നടത്തി വരുന്നതായും സ്പീക്കർ കൂട്ടിച്ചർത്തു.

നിയമസഭയിൽ നടന്ന വാർത്താ സമ്മേളനത്തിൽ നോർക്ക റസിഡന്റ് വൈസ് ചെയർമാൻ പി ശ്രീരാമകൃഷ്ണൻ, നോർക്ക വകുപ്പ് സെക്രട്ടറി ടി വി അനുപമ, നോർക്ക സി ഇ ഒ അജിത് കൊളാശ്ശേരി എന്നിവർ പങ്കെടുത്തു.

# റിക്കാർഡ് കുതിപ്പിനിടെ ബ്രേക്കിട്ട് സ്വർണവില; മാറ്റമില്ലാതെ തുടരുന്നു

കൊച്ചി: സംസ്ഥാനത്ത് സ്വർണ വില മാറ്റമില്ലാതെ തുടരുന്നു. പവന് 1,18,760 രൂപയിലും ഗ്രാമിന് 14,845 രൂപയിലുമാണ് വ്യാപാരം പുരോഗമിക്കുന്നത്. അതേസമയം, 18 കാരറ്റ് സ്വർണവില ഗ്രാമിന് 12,195 രൂപയാണ്.

തിങ്കളാഴ്ച രാവിലെ രേഖപ്പെടുത്തിയ പവന് 1,19,320 രൂപയും ഗ്രാമിന് 14,915 രൂപയുമാണ് ചരിത്രത്തിലെ ഏറ്റവും ഉയർന്ന വില. ഗ്രാമിന് 375 രൂപയും പവന് 3000 രൂപയുമാണ് ഒറ്റയടിക്ക് ഉയർന്നത്. പിന്നാലെ തിങ്കളാഴ്ച ഉച്ചയ്ക്കു ശേഷം സ്വർണവില താഴേക്കുപോയി. ഗ്രാമിന് 70 രൂപയും പവന് 560 രൂപയുമാണ് ഇടിഞ്ഞത്.

പുതുവർഷത്തിൽ കുതിപ്പോടെ തുടങ്ങിയ സ്വർണ വില ഈമാസം അഞ്ചിന് പവന് ഒറ്റയടിക്ക് 1,160 രൂപയും ഗ്രാമിന് 145 രൂപയും വർധിച്ച് വീണ്ടും ഒരു ലക്ഷം പിന്നിട്ടിരുന്നു. ഇതിനു പിന്നാലെയാണ് കുതിപ്പും കിതപ്പുമായി മുന്നോട്ടുപോയത്.

2025 ജനുവരിയിൽ 57,000 രൂപ മാത്രമായിരുന്ന വിലയാണ് വർഷാവസാനം ലക്ഷം ഭേദിച്ചത്. 2025 ജനുവരി 22-നാണ് പവൻ വില ആദ്യമായി 60, 000 കടന്നത്. 31ന് പവന് ഒറ്റയടിക്ക് 960 രൂപ ഉയർന്ന് 61,000 രൂപയെന്ന പുതിയ ഉയരം താണ്ടി. ഫെബ്രുവരി ഒന്നിന് ഒരു പവൻ സ്വർണത്തിന് 61,960 രൂപയായിരുന്നു വില.

നാലിന് ഒറ്റയടിക്ക് 840 രൂപ ഉയർന്ന് 62,000 രൂപ പിന്നിട്ടു. തൊട്ടുപിന്നാലെ അഞ്ചിന് 760 രൂപ ഉയർന്ന് 63,000 രൂപയും കടന്നു. പിന്നീട് 11ന് 640 രൂപ ഉയർന്ന് 64,000 രൂപയെന്ന പുതിയ നാഴികക്കല്ലും പിന്നിട്ടു.

മാർച്ച് ഒന്നിന് പവന് 63,440 രൂപയിലാണ് വ്യാപാരം ആരംഭിച്ചത്. പിന്നീട് കയറ്റിറക്കങ്ങൾക്കൊടുവിൽ 14ന് 65,000 രൂപയും 18ന് 66,000 രൂപയും 31ന് 67,000 രൂപയും ഏപ്രിൽ ഒന്നിന് 68,000 പിന്നിടുകയായിരുന്നു. പത്തു ദിവസങ്ങൾക്കു ശേഷം ഏപ്രിൽ 11ന് 69,000 രൂപയും പിന്നാലെ 12ന് 70, 000 രൂപയും പിന്നിട്ടു.

ഏപ്രിൽ 17ന് ഒറ്റയടിക്ക് 840 രൂപ ഉയർന്ന സ്വർണ വില 71,000 രൂപ പിന്നിട്ടു. 21ന് 72,000 രൂപ പിന്നിട്ട സ്വർണവില 22ന് ഒറ്റയടിക്ക് 2,200 രൂപ ഇടിഞ്ഞ് 74,000 എന്ന നാഴികക്കല്ലിലെത്തി.

മേയ് 15ന് 68,880 രൂപയിലേക്ക് ഇടിഞ്ഞ സ്വർണവില പിന്നീട് വർധിക്കുന്ന കാഴ്ചയാണ് കണ്ടത്. ഏഴുദിവസത്തിനിടെ ഏകദേശം മൂവായിരം രൂപ വർധിച്ച് വീണ്ടും സ്വർണവില 72,000 കടന്ന് കുതിക്കുകയായിരുന്നു.

## മകരവിളക്ക് ദിനത്തെ സിനിമാ ഷൂട്ടിംഗ്; സംവിധായകൻ അനുരാജ് മനോഹറിനെതിരെ കേസെടുത്തു

പത്തനംതിട്ട: മകരവിളക്ക് ദിവസം ശബരിമല സന്നിധാനത്തും പരിസര പ്രദേശങ്ങളിലും സിനിമാ ഷൂട്ടിംഗ് നടത്തിയതിന് സംവിധായകൻ അനുരാജ് മനോഹറിനെ പ്രതിയാക്കി കേസെടുത്തു. വനത്തിൽ അതിക്രമിച്ചു കയറിയതിന് വനംവകുപ്പാണ് കേസെടുത്തത്.

പത്തനംതിട്ട റാന്നി ഡിവിഷനിലാണ് നിലവിൽ കേസെടുത്തത്. പെരിയാർ കടുവാ സങ്കേതത്തിന്റെ ഭാഗമായ സ്ഥലത്താണോ ചിത്രീകരണം നടത്തിയതെന്ന് വനംവകുപ്പ് പരിശോധിച്ചു വരികയാണ്.

പമ്പയിൽ ചിത്രീകരണം നടത്തി എന്നായിരുന്നു സംവിധായകന്റെ വാദം.

## ശീതക്കാറ്റ് മുന്നറിയിപ്പ്; യുഎസിൽ നിന്നുള്ള വിമാന സർവീസുകൾ റദ്ദാക്കി

ന്യൂയോർക്ക്: കാലാവസ്ഥ മുന്നറിയിപ്പ് ലഭിച്ചതിന് പിന്നാലെ യുഎസിൽ വ്യാപകമായി വിമാന സർവീസുകൾ റദ്ദാക്കി. ശീതക്കാറ്റ് വീശുമെന്ന മുന്നറിയിപ്പിനെ തുടർന്നാണ് ശനി, ഞായർ ദിവസങ്ങളിൽ അമേരിക്കയിൽ നിന്ന് പുറപ്പെടാനിരുന്ന വിമാന സർവീസുകൾ റദ്ദാക്കിയത്.

8,400 വിമാന സർവീസുകളാണ് യുഎസ് റദ്ദാക്കിയത്. ന്യൂ മെക്സിക്കോ മുതൽ ന്യൂ ഇംഗ്ലണ്ട് വരെയുള്ള പ്രദേശങ്ങളിലെ 14 കോടിയോളം ജനങ്ങളെ ശീതക്കാറ്റ് ബാധിക്കുമെന്നാണ് വിലയിരുത്തൽ.

രക്ഷാപ്രവർത്തനത്തിനായി 30ഓളം സംഘങ്ങളെ ഫെഡറൽ സർക്കാർ തയാറാക്കിയിട്ടുണ്ട്. ഒഹായോ, മിനസോട്ട, മിഷിഗൺ, ഇലിനോയ് തുടങ്ങി അമേരിക്കയുടെ വടക്ക്-മധ്യ ഭാഗങ്ങളിലെ 12-ഓളം സംസ്ഥാനങ്ങളിൽ മൈനസ് 40 ഡിഗ്രി സെൽഷ്യസാണ് നിലവിലെ താപനില. കാലാവസ്ഥ പ്രതിസന്ധിയെ തുടർന്ന് പള്ളികൾ ഞായറാഴ്ച പ്രാർഥനകൾ ഓൺലൈനാക്കിയിട്ടുണ്ട്.

# രാജ്യത്ത് ആദ്യമായി ജില്ലാതല ആശുപത്രിയിൽ കോർണിയ ട്രാൻസ്പ്ലാന്റേഷൻ

### അഭിമാനത്തോടെ തിരുവനന്തപുരം ജനറൽ ആശുപത്രി

തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ നേത്രരോഗ വിഭാഗത്തിൽ നേത്ര പടല അന്ധതക്ക് പ്രതിവിധി നൽകുന്ന കോർണിയ ട്രാൻസ്പ്ലാന്റേഷൻ ശസ്ത്രക്രിയ വിജയകരമായി പൂർത്തിയാക്കി. 59 വയസുള്ള കോവളം സ്വദേശിയ്ക്കാണ് കഴിഞ്ഞ 24-ാം തീയതി കോർണിയ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തിയത്. രോഗി സുഖം പ്രാപിച്ചു വരുന്നു.

ചില സർക്കാർ മെഡിക്കൽ കോളേജുകളിലും റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഫ്താൽമോളജിയിലും സ്വകാര്യ കണ്ണാശുപത്രികളിലും മാത്രം ചെയ്യുന്ന കോർണിയ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയാണ് ജനറൽ ആശുപത്രിയിൽ നടത്തിയത്. രാജ്യത്ത് ആദ്യമായാണ് ഒരു ജില്ലാതല ആശുപത്രിയിൽ കോർണിയ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തിയത്. ശസ്ത്രക്രിയയ്ക്ക് നേതൃത്വം നൽകിയ ജനറൽ ആശുപത്രിയിലെ എല്ലാ ടീം അംഗങ്ങളേയും ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് അഭിനന്ദിച്ചു. വലത്തെ കണ്ണിന് ചെറുപ്പകാലത്തുണ്ടായ മുറിവാണ് നേത്രപടല അന്ധതക്ക് കാരണമായത്. ഇബിഎകെ നേത്രബാങ്കിൽ നിന്നാണ് നേത്രപടലം ലഭ്യമാക്കിയത്. സ്വകാര്യ ആശുപത്രികളിൽ ലക്ഷങ്ങളോളം രൂപ ചിലവാകുന്ന ശസ്ത്രക്രിയയാണ് സൗജന്യമായി ചെയ്തത്.

ജില്ലാതല ആശുപത്രികളിൽ കോർണിയ ശസ്ത്രക്രിയയിൽ പ്രാവീണ്യമുള്ള ഡോക്ടർമാരെ കൊണ്ട് കോർണിയ ട്രാൻസ്പ്ലാന്റേഷൻ ശസ്ത്രക്രിയ ചെയ്യുന്നതിന് സർക്കാർ 2023ൽ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ ഇതിനു വേണ്ട സൗകര്യങ്ങൾ ഒരുക്കുകയും ചെയ്തു. 40 ലക്ഷത്തോളം രൂപ ചെലവഴിച്ച് കോർണിയ ട്രാൻസ്പ്ലാന്റേഷന് വേണ്ടിയുള്ള ഉപകരണങ്ങൾ സജ്ജമാക്കി. തിരുവനന്തപുരം റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഫ്താൽമോളജി സൂപ്രണ്ടിന്റെ നേതൃത്വത്തിൽ ക്രമീകരണങ്ങൾ വിലയിരുത്തി അനുമതി നൽകി. കെ സോട്ടോയിൽ നിന്ന് കോർണിയ ട്രാൻസ്പ്ലാന്റേഷൻ ശസ്ത്രക്രിയക്കുള്ള ലൈസൻസും നേടിയെടുത്തു.

നേത്രപടല അന്ധത കൂടുതലും മധ്യവയസ്കരായ ആളുകളിലും തൊഴിലാളികളേയുമാണ് ബാധിക്കുന്നത്. കൃഷ്ണമണിയിലുണ്ടാകുന്ന മുറിവുകളിൽ അണുബാധയേൽക്കുന്നതുമൂലം നേത്രപടല അന്ധതയ്ക്ക് കാരണമാകുന്നു. ഇത്തരം രോഗികൾക്ക് നേത്രപടലം മാറ്റി വയ്ക്കുന്നത് മാത്രമാണ് പ്രതിവിധി. ചില കുട്ടികളിൽ ജന്മനാ നേത്രപടല വൈകല്യം മൂലവും കൗമാര പ്രായക്കാരിൽ നേത്രപടലത്തിനുണ്ടാവുന്ന കെരറ്റോകോണസ് എന്ന അസുഖവും നേത്ര പടല അന്ധതയ്ക്ക് കാരണമാകുന്നു. ഇത്തരം രോഗികൾക്കും കോർണിയ ട്രാൻസ്പ്ലാന്റേഷനാണ് പ്രധാന പ്രതിവിധി.

ജില്ലാതല ആശുപ്രതികളിൽ കോർണിയ ക്ലിനിക്കുകളും നേത്രപടല ശസ്ത്രക്രിയകളും അരംഭിക്കുന്നത് വഴി ആരോഗ്യ വകുപ്പിന് കീഴിലുള്ള ആശുപത്രികളിൽ നേത്രരോഗ വിഭാഗത്തിൽ കൂടുതൽ സൗകര്യങ്ങൾ ലഭ്യമാക്കാനാണ് ലക്ഷ്യമിടുന്നത്. ഇതുമൂലം സാധാരണക്കാരായ രോഗികൾക്ക് മികച്ച ചികിത്സ അടുത്തുള്ള ആശുപത്രിയിൽ നിന്നും ലഭ്യമാക്കുന്നു.

തിരുവനന്തപുരം ജനറൽ ആശുപതി സൂപ്രണ്ട് ഡോ. കൃഷ്ണവേണി, നേത്രരോഗ വിഭാഗം മേധാവി ഡോ. ശ്രീലത, കോർണിയ സർജൻ ഡോ. രശ്മി പി ഹരിദാസ്, അനസ്തേഷ്യ വിഭാഗം മേധാവി ഡോ. അമ്പിളി, ഡോ. മധു എന്നിവരുടെ നേതൃത്വത്തിലാണ് ട്രാൻസ്പ്ലാന്റേഷൻ നടത്തിയത്. ഡോ. ഐശ്വര്യ, ഡോ. സിമ്രാൻ, ഡോ. ദീപ്തി, നഴ്സിംഗ് ഓഫീസർമാരായ ബോബി രേവതി ട്രാൻസ്പ്ലാന്റ് കോർഡിനേറ്റർ നാദിയ, നഴ്സിംഗ് അസിസ്റ്റന്റ് മോളി, അനസ്തേഷ്യ ടെക്നീഷ്യൻ ഗായത്രി എന്നിവർ കോർണിയ സർജറിയിൽ സന്നിഹിതരായിരുന്നു.

## മഞ്ഞുപുതച്ച് ഹിമാചൽ; ആയിരത്തിലേറെ റോഡുകൾ അടച്ചു

ഷിംല: ഹിമാചൽ പ്രദേശിൽ കനത്ത മഞ്ഞുവീഴ്ചയെ തുടർന്ന് 1,250 ലധികം റോഡുകൾ അടച്ചിട്ടു.

എന്നാൽ മഞ്ഞുവീഴ്ച ആസ്വദിക്കാൻ വിനോദസഞ്ചാരികൾ എത്തുന്ന സാഹചര്യത്തിൽ അടച്ചിട്ട റോഡുകൾ തുറക്കാനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ടെന്ന് പൊതുമരാമത്ത് മന്ത്രി വിക്രമാദിത്യ സിങ് പറഞ്ഞു. ഇതിനായി സംസ്ഥാനത്തിലുടനീളം ഏകദേശം 3,500 യന്ത്രങ്ങൾ ക്രമീകരിക്കുമെന്നും റോഡുകൾ എത്രയും വേഗം തുറക്കുമെന്നും അദ്ദേഹം പറഞ്ഞു. കുടിവെള്ളത്തിന്റെ ലഭ്യതക്കുറവ്, ഗതാഗതക്കുരുക്ക് തുടങ്ങി നിരവധി പ്രശ്നങ്ങൾ ഉണ്ടെങ്കിൽ പോലും മഞ്ഞുവീഴ്ച ആസ്വദിക്കാൻ ധാരാളം വിനോദസഞ്ചാരികൾ എത്തുന്നുണ്ട്. വരും ദിവസങ്ങളിലും സമാനമായ കാലാവസ്ഥ തുടരാൻ സാധ്യതയുള്ളതിനാൽ വിനോദസഞ്ചാരികൾ ജാഗ്രത പാലിക്കണമെന്ന് അധികൃതർ മുന്നറിയിപ്പ് നൽകി.

## ദേശീയപാത ഉപരോധിച്ചതുമായി ബന്ധപ്പെട്ട കേസ്; ഷാഫി പറമ്പിൽ എംപിക്ക് പിഴയും തടവും

പാലക്കാട്: ദേശീയപാത ഉപരോധിച്ചതുമായി ബന്ധപ്പെട്ട കേസിൽ ഷാഫി പറമ്പിൽ എംപിക്ക് പിഴയും തടവും വിധിച്ച് കോടതി. 1000 രൂപ പിഴയും കോടതി പിരിയും വരെയുള്ള തടവുമാണ് വിധിച്ചിരിക്കുന്നത്. വൈകുന്നേരം അഞ്ച് വരെ ഷാഫി കോടതിയിൽ തുടരണം.

പാലക്കാട് ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയാണ് ഷാഫിക്ക് ശിക്ഷ വിധിച്ചത്. 2022 ജൂൺ 24 ന് പാലക്കാട് കസബ പോലീസ് രജിസ്റ്റർ ചെയ്ത കേസിലാണ് ശിക്ഷ. കേസിൽ ഷാഫി ഇന്ന് കോടതിയിൽ ഹാജരായിരുന്നു. നിരന്തരം കോടതിയിൽ എത്താത്തതിനെ തുടർന്ന് കഴിഞ്ഞ ആഴ്ച ഷാഫിക്കെതിരെ അറസ്റ്റ് വാറന്റ് പുറപ്പെടുവിച്ചിരുന്നു. വയനാട്ടിൽ രാഹുൽഗാന്ധിയുടെ എം. പി. ഓഫിസ് എസ്എഫ്ഐ പ്രവർത്തകർ തല്ലിതകർത്തതിൽ പ്രതിഷേധിച്ചായിരുന്നു ഷാഫി പറമ്പിലിന്റെ നേതൃത്വത്തിൽ നാൽപ്പതോളം വരുന്ന യൂത്ത് കോൺഗ്രസ് പ്രവർത്തകർ ചന്ദ്രനഗറിൽ ചെമ്പലോട് പാലത്തിന് സമീപം ദേശീയപാത ഉപരോധിച്ചത്.

അന്ന് യൂത്ത് കോൺഗ്രസിന്റെ ഭാഗമായിരുന്ന പി. സരിൻ കേസിൽ ഒമ്പതാം പ്രതിയായിരുന്നു. നേരത്തെ കോടതിയിൽ ഹാജരായ പി. സരിനെ 500 രൂപ പിഴയും കോടതി പിരിയും വരെ തടവിനും ശിക്ഷിച്ചിരുന്നു.

# സീബ്രാലൈനിൽ നിയമലംഘനം വേണ്ട; 'മോട്ടു' വിന്റെ തട്ടു കിട്ടും

വാഹനയാത്രികരെ, കാൽനടക്കാരെ പരിഗണിക്കണം. കാൽനട യാത്രികർക്കുള്ള സീബ്രാ ക്രോസിംഗിൽ സിഗ്നൽ അവഗണിച്ച് നിയമലംഘനം നടത്തുന്നവർക്ക് 'മോട്ടു 'വിന്റെ ഗദയുടെ തട്ടുകിട്ടും. കേരള മോട്ടോർ വാഹന വകുപ്പിന്റെ ഔദ്യോഗിക ചിഹ്നമായ മോട്ടു എന്ന ആനക്കുട്ടി റോഡ് സുരക്ഷാ ബോധവൽക്കരണ പരിപാടികളിൽ സജീവ സാന്നിധ്യമായി മാറുന്നു. ആദ്യഘട്ടമായി കാൽനട യാത്രികരുടെ സുരക്ഷയുമായി ബന്ധപ്പെട്ടാണ് ബോധവത്ക്കരണം.

ദേശീയ റോഡ് സുരക്ഷാ മാസാചരണവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ആർടിഒ എൻഫോഴ്സ്മെന്റിന്റെ നേതൃത്വത്തിലാണ് തിരുവനന്തപുരം പഴവങ്ങാടി ജംഗ്ഷനിലെ സീബ്രാ ക്രോസിംഗിൽ മോട്ടു ബോധവൽക്കരണ പരിപാടിയുമായി ഇറങ്ങി ജനശ്രദ്ധ നേടിയത്. പെഡസ്ട്രിയൻ ക്രോസിങ്ങുകളിൽ കാൽനടക്കാരെ പരിഗണിക്കാതെ വാഹനം ഓടിക്കുന്ന ഡ്രൈവർമാർക്ക് സ്നേഹ ശാസനം നല്കിയ മോട്ടു , മാതൃകാപരമായി ഡ്രൈവിംഗ് കാഴ്ചവച്ച ആളുകൾക്ക് മധുരം നല്കാനും മറന്നില്ല. വരും ദിവസങ്ങളിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ മോട്ടുവിന്റെ റോഡ് സുരക്ഷാ ബോധവൽക്കരണ പരിപാടികൾ അരങ്ങേറും. റോഡ് സുരക്ഷാ ബോധവൽക്കരണ പരിപാടികൾ രസകരവും കാര്യക്ഷമവും ആക്കുന്നതിന് മോട്ടുവിന്റെ സാന്നിധ്യം പ്രയോജനപ്രദമാകും.

ഒരു കാർട്ടൂൺ കഥാപാത്രത്തിന്റെ രൂപഭാവങ്ങളോടെ സ്കൂൾ കുട്ടികൾക്കിടയിൽ ഉൾപ്പെടെ റോഡ് സുരക്ഷാ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കാൻ മോട്ടുവിന് കഴിയുമെന്ന പ്രതീക്ഷയിലാണ് അധികൃതർ. മോട്ടുവിന്റെ പ്രാരംഭ മുന്നറിയിപ്പിന് ശേഷവും നിയമലംഘനം ആവർത്തിക്കുന്നവർക്ക് മോട്ടോർ വാഹന വകുപ്പിന്റെ ശിക്ഷാ നടപടികൾ നേരിടേണ്ടി വരും.



റോഡ് സുരക്ഷാ ബോധവത്ക്കരണം നടത്തുന്ന മോട്ടു

# കേരള ശാസ്ത്ര പുരസ്കാരം - 2024

ശാസ്ത്ര സാങ്കേതിക രംഗത്തെ മികച്ച സംഭാവനകളെ അടിസ്ഥാനമാക്കി പ്രഗത്ഭരായ ശാസ്ത്രജ്ഞർക്ക് പ്രോത്സാഹനം നൽകുന്നതിനായി ശാസ്ത്ര സാങ്കേതിക വകുപ്പും കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലും സംയുക്തമായി ആവിഷ്കരിച്ച ഏറ്റവും വലിയ അംഗീകാരമാണ് കേരള ശാസ്ത്ര പുരസ്കാരം. കേരളത്തിൽ ജനിച്ചു ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സേവനമനുഷ്ഠിക്കുന്ന ശാസ്ത്ര സാങ്കേതിക വിദഗ്ദ്ധർക്കാണ് ഈ അവാർഡ് നൽകുന്നത്. ശാസ്ത്രജ്ഞരുടെ ആജീവനാന്ത നേട്ടങ്ങളും സംഭാവനകളുമാണ് അവാർഡിന് പരിഗണിക്കുന്നത്.

2024 ലെ കേരള ശാസ്ത്ര പുരസ്കാരത്തിന് ഡി ആർ ഡി ഒ (ഉഞഉഛ) (ഏറോനോട്ടിക്കൽ സിസ്റ്റംസ്) മുൻ ഡയറക്ടർ ജനറലായ ഡോ.ടെസ്സി തോമസ്സ് -നെ തിരഞ്ഞെടുത്തു. ഇന്ത്യയുടെ മിസൈൽ വനിത എന്ന് വിശേഷിപ്പിക്കപ്പെടുന്ന ഉഞഉഛ ശാസ്ത്രജ്ഞയായ ഡോ. ടെസ്സി തോമസ്സിനെ പ്രതിരോധ ഗവേഷണ -വികസന മേഖലയിലെ സംഭാവനകൾ മാനിച്ചാണ് അവാർഡിനായി തിരഞ്ഞെടുത്തത്. ഫെബ്രുവരി 1 ന് എറണാകുളം സെന്റ് ആൽബെർട്സ് കോളേജിൽ സംഘടിപ്പിക്കുന്ന കേരള സയൻസ് കോൺഗ്രസിന്റെ ഉദ്ഘാടന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ പുരസ്കാരം സമ്മാനിക്കും. 2 ലക്ഷം രൂപയുടെ ക്യാഷ് പ്രൈസും, പ്രശസ്തി പത്രവും, കാനായി കുഞ്ഞിരാമൻ രൂപകൽപന ചെയ്ത ശിൽപവും അടങ്ങിയതാണ് കേരള ശാസ്ത്ര പുരസ്കാരം.

ഒരു മിസൈൽ പദ്ധതിയ്ക്കു നേതൃത്വം നൽകുന്ന ഇൻഡ്യയിലെ ആദ്യത്തെ വനിതയാണ് ടെസ്സി തോമസ്. അഗ്നി - ഢ ഭൂഖണ്ഡാന്തര മിസൈലിന്റെ മുഖ്യശില്പിയും പദ്ധതി മേധാവിയുമാണ്. ഇന്ത്യയുടെ ഗൈഡഡ് മിസൈൽ വികസന പദ്ധതികളുടെ ഡയറക്ടർ പദവിയിലെത്തിയ ഏറ്റവും പ്രായം കുറഞ്ഞ വ്യക്തി, ആദ്യ മലയാളി, ആദ്യ വനിത. പ്രതിരോധ ഗവേഷണ രംഗത്തും ഇന്ത്യയുടെ മിസൈൽ വികസനത്തിലും ദീർഘകാലം സേവനം ചെയ്ത ഡോ. ടെസ്സി തോമസ് നിരവധി അംഗീകാരങ്ങൾ നേടിയിട്ടുണ്ട്.

1963 ഏപ്രിൽ 27 ന് ആലപ്പുഴയിൽ ജനിച്ച ടെസ്സി തോമസ് തൃശൂർ ഗവൺമെന്റ് എൻജിനിയറിങ് കോളേജിൽ നിന്നു ഇലക്ട്രിക്കൽ എൻജിനിയറിങ്ങിൽ ബി.ടെക്ക് ബിരുദവും പുണെയിൽ ഡിഫൻസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് ടെക്നോളജി യിൽ നിന്ന് എം. ടെക്കും നേടിയിട്ടുണ്ട്. ഇന്ത്യയുടെ പ്രതിരോധ സാങ്കേതികവിദ്യയെയും തന്ത്രപരമായ കഴിവുകളെയും ശക്തിപ്പെടുത്താൻ ഉതകുന്നതാണ് ഡോ. ടെസ്സി തോമസിന്റെ ഗവേഷണങ്ങൾ.

## ജമ്മു കാഷ്മീരിൽ ബസും പിക്കപ്പ് ട്രക്കും കൂട്ടിയിടിച്ചു; നാല് പേർ മരിച്ചു

ശ്രീനഗർ: ജമ്മു കാഷ്മീരിലെ ഉദ്ദംപുരിൽ ബസും പിക്കപ്പ് ട്രക്കും കൂട്ടിയിടിച്ചു. ഇന്ന് രാവിലെയാണ് അപകടമുണ്ടായത്. അപകടത്തിൽ സൈനികൻ ഉൾപ്പെടെ നാല് പേർ മരിച്ചു. 52 ബറ്റാലിയനിലെ സിആർപിഎഫ് ജവാനാണ് മരിച്ചത്. മറ്റ് മൂന്ന് പേരെ തിരിച്ചറിഞ്ഞിട്ടില്ല. അപകടത്തിന്റെ കാരണം വ്യക്തമായിട്ടില്ല. പോലീസ് സ്ഥലത്തെത്തി അന്വേഷണം ആരംഭിച്ചു.

## ഉറങ്ങിക്കിടന്ന ഹൈന്ദവ യുവാവിനെ തീവച്ചു കൊന്നു

ധാക്ക: ബംഗ്ലാദേശിൽ ഉറങ്ങിക്കിടന്ന ഹൈന്ദവ യുവാവിനെ തീകൊളുത്തി കൊന്നു. വെള്ളിയാഴ്ച രാത്രി ധാക്കയിൽനിന്ന് 50 കിലോമീറ്റർ അകലെ നർസിംഗ്ദിയിലായിരുന്നു സംഭവം. ചഞ്ചൽ ചന്ദ്ര ഭൗമിസ് എന്ന ഇരുപത്തിമൂന്നുകാരനാണു കൊല്ലപ്പെട്ടത്. വാഹന വർക്ഷോപ്പ് ജീവനക്കാരനായിരുന്ന ചഞ്ചൽ ജോലി കഴിഞ്ഞ് കടയിൽതന്നെ ഉറങ്ങുന്നതിനിടെ അക്രമികൾ പുറത്തുനിന്ന് തീയിടുകയായിരുന്നു. കടയിലുണ്ടായിരുന്ന പെട്രോളും എൻജിൻ ഓയിലും തീ ആളിക്കത്താൻ കാരണമായി.

ആസൂത്രിക കൊലപാതകമാണ് നടന്നതെന്നു പ്രദേശവാസികൾ പറഞ്ഞു. സിസിടിവിയിൽ പ്രതികൾ പതിഞ്ഞെങ്കിലും ഇവരെ തിരിച്ചറിയാൻ കഴിഞ്ഞിട്ടില്ല. ബംഗ്ലാദേശിൽ അടുത്തകാലത്ത് ഹൈന്ദവ ന്യൂനപക്ഷളെ ലക്ഷ്യമിട്ടുള്ള ആക്രമണങ്ങൾ വർധിച്ചിട്ടുണ്ട്.

## സിസ്റ്റം അഡ്മിനിസ്ട്രേറ്റർ

ഫിഷറീസ് ഡയറക്ടറേറ്റിൽ പ്രവർത്തിക്കുന്ന മാസ്റ്റർ കൺട്രോൾ റൂമിലേക്ക് സിസ്റ്റം അഡ്മിനിസ്ട്രേറ്റർ തസ്തികയിൽ ഒരു വർഷത്തേക്ക് കരാർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. കമ്പ്യൂട്ടർ സയൻസ്/ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ/എംസിഎയിൽ ബി. ടെക് ആണ് യോഗ്യത. പ്രായപരിധി 22-40 വയസ്. താത്പര്യമുള്ള ഉദ്യോഗാർത്ഥികൾ ബയോഡാറ്റയും വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ പകർപ്പും സഹിതമുള്ള അപേക്ഷ ഫെബ്രുവരി 10 വൈകിട്ട് 5 ന് മുമ്പ് ഫിഷറീസ് ഡയറക്ടർക്ക് സമർപ്പിക്കണം. ഇ-മെയിൽ: fisheriesdirectoratetvm@gmail.com. ഫോൺ: 0471 2305042.

# കർത്തവ്യപഥിൽ രാഹുലിന് മൂന്നാം നിര; റിപ്പബ്ലിക് ദിനത്തിലും രാഷ്ട്രീയപ്പോര് മുറുകുന്നു

ന്യൂഡൽഹി: രാജ്യത്തിന്റെ 77 -ാം റിപ്പബ്ലിക് ദിനാഘോഷങ്ങൾ കർത്തവ്യപഥിൽ പ്രൗഢഗംഭീരമായി നടന്നെങ്കിലും പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയുടെ ഇരിപ്പിടത്തെച്ചൊല്ലിയുള്ള രാഷ്ട്രീയ പോര് മുറുകുകയാണ്. ഔദ്യോഗിക ചടങ്ങിൽ പ്രതിപക്ഷ നേതാവിന് മൂന്നാം നിരയിൽ മാത്രം ഇരിപ്പിടം അനുവദിച്ചതിനെ കടുത്ത ഭാഷയിലാണ് കോൺഗ്രസ് വിമർശിക്കുന്നത്.ഇത് കേവലം ഒരു ഇരിപ്പിടത്തിന്റെ പ്രശ്നമല്ലെന്നും രാജ്യത്തെ പ്രതിപക്ഷത്തോടുള്ള സർക്കാരിന്റെ അവഹേളനമാണെന്നും എഐസിസി ജനറൽ സെക്രട്ടറി രൺദീപ് സിംഗ് സുർജേവാല പ്രതികരിച്ചു.

പ്രോട്ടോക്കോൾ പ്രകാരം മുൻനിരയിൽ ഇരിക്കേണ്ട നേതാവിനെ മനഃപൂർവം പിന്നിലേക്ക് മാറ്റിയത് ജനാധിപത്യ മര്യാദകളുടെ ലംഘനമാണെന്ന് ചൂണ്ടിക്കാട്ടുന്ന കോൺഗ്രസ്, 2018-ലും സമാനമായ നീക്കം ഉണ്ടായ കാര്യം ഓർമ്മിപ്പിക്കുന്നു.

പലർക്കും മുൻനിരയിൽ ഇടം നൽകിയിട്ടും രാഹുൽ ഗാന്ധിയെ മാത്രം മൂന്നാം നിരയിലേക്ക് ഒതുക്കിയതിന്റെ ചിത്രം പങ്കുവെച്ചാണ് പ്രതിപക്ഷം പ്രതിഷേധം ശക്തമാക്കുന്നത്. വിവാദങ്ങൾക്കിടയിലും സൈനികകരുത്തിന്റെയും സാംസ്കാരിക പൈതൃകത്തിന്റെയും ദൃശ്യവിരുന്നായി ഇത്തവണത്തെ പരേഡ് മാറി. വന്ദേമാതരത്തിന്റെ 150-ാം വാർഷികം പ്രമേയമായ ചടങ്ങിൽ യൂറോപ്യൻ യൂണിയൻ നേതാക്കളായ ഉർസുല വോൺ ഡെർ, അൻറോണിയോ കോസ്റ്റ എന്നിവരായിരുന്നു വിശിഷ്ടാതിഥികൾ.

പ്രധാനമന്ത്രി നരേന്ദ്രമോദി യുദ്ധസ്മാരകത്തിൽ ആദരമർപ്പിച്ചതോടെ തുടങ്ങിയ പരേഡിൽ ഇന്ത്യയുടെ പ്രതിരോധ ശേഷി വിളിച്ചോതുന്ന സിന്ദൂർ ഫോർമേഷൻ ഉൾപ്പെടെയുള്ള ആകാശക്കാഴ്ചകൾ വിസ്മയമായി. രണ്ട് വർഷത്തെ ഇടവേളയ്ക്ക് ശേഷം പരേഡിനെത്തിയ കേരളത്തിന്റെ നിശ്ചലദൃശ്യം വലിയ ചർച്ചയായി. കൊച്ചി വാട്ടർ മെട്രോയും സമ്പൂർണ ഡിജിറ്റൽ സാക്ഷരതയും അവതരിപ്പിച്ച കേരളത്തിന്റെ ഫ്ലോട്ടിനെക്കുറിച്ച് പ്രധാനമന്ത്രി തന്നെ അതിഥികൾക്ക് വിവരിച്ചു നൽകിയത് വേറിട്ട കാഴ്ചയായിരുന്നു. തമിഴ്നാടിന്റെ ജെല്ലിക്കെട്ട് പ്രമേയവും സേനാവിഭാഗങ്ങളുടെ സാഹസിക പ്രകടനങ്ങളും കൂടി ചേർന്നതോടെ റിപ്പബ്ലിക് ദിനാഘോഷം വർണാഭമായ സമാപ്തി കുറിച്ചു.

# ഇറാൻ പ്രക്ഷോഭത്തിൽ 30, 000 പേർ കൊല്ലപ്പെട്ടെന്ന് ടൈം മാഗസിൻ

ടെഹ്റാൻ: ഇറാനിലെ ജനകീയ പ്രക്ഷോഭത്തിൽ 30, 000 പേരെങ്കിലും കൊല്ലപ്പെട്ടിരിക്കാമെന്ന് അമേരിക്കയിലെ ടൈം മാഗസിൻ റിപ്പോർട്ട് ചെയ്തു. ഇറേനിയൻ ആരോഗ്യവകുപ്പിലെ രണ്ട് ഉന്നത ഉദ്യോഗസ്ഥരാണ് ഈ വിവരം നല്കിയത്. ഉദ്യോഗസ്ഥരുടെ പേര് വെളിപ്പെടുത്തിയിട്ടില്ല.

ഡിസംബർ അവസാനം ആരംഭിച്ച പ്രക്ഷോഭവുമായി ബന്ധപ്പെട്ട് പുറത്തുവരുന്ന ഏറ്റവും ഉയർന്ന മരണസംഖ്യയാണിത്. 3,117 പേർ മരിച്ചുവെന്നാണ് ഇറേനിയൻ ഭരണകൂടം പറയുന്നത്.

എന്നാൽ ഇറാനിലെ കാര്യങ്ങൾ നിരീക്ഷിക്കുന്ന എച്ച്ആർഎഎൻഎ എന്ന അമേരിക്കൻ സംഘടന ഏറ്റവും അവസാനം പുറത്തുവിട്ട കണക്കു പ്രകാരം 5149 പ്രതിഷേധക്കാർ അടക്കം 5495 പേർ കൊല്ലപ്പെട്ടിട്ടുണ്ട്. ഇതിനു പുറമേ മരണവുമായി ബന്ധപ്പെട്ട് 17,031 കേസുകൾ എച്ച്ആർഎഎൻഎ പരിശോധിച്ചുവരികയാണ്.

ജനുവരി എട്ട്, ഒന്പത് തീയതികളിൽ മാത്രം 30, 000 പേരെങ്കിലും കൊല്ലപ്പെട്ടുവെന്നാണ് ടൈം മാഗസിൻ റിപ്പോർട്ടിൽ പറയുന്നത്. ഇത്രയും മൃതദേഹങ്ങൾ നീക്കംചെയ്യാൻ സർക്കാർ ഏജൻസികൾ ബുദ്ധിമുട്ടി. ബോഡി ബാഗുകൾ തീർന്നുപോയി. ആംബുലൻസുകൾ കിട്ടാതായപ്പോൾ ലോറികളിൽ കൂട്ടിയിട്ടാണ് കൊണ്ടുപോയത്.

ഇറേനിയൻ ഭരണകൂടം ഇൻററനെറ്റ് നിയന്ത്രണം തുടരുന്നതിനാലാണ് വിവരങ്ങൾ പുറത്തുവരാൻ വൈകുന്നത്. ഇറേനിയൻ ഭരണകൂടം സുരക്ഷാഭടന്മാരെ ഉപയോഗിച്ച് പ്രക്ഷോഭം അടിച്ചമർത്തുകയായിരുന്നു.

# ദക്ഷിണ കൊറിയൻ ഉത്പന്നങ്ങൾക്കുമേൽ 25 ശതമാനം നികുതി വർധിപ്പിക്കുമെന്ന് ട്രംപ്

വാഷിംഗ്ടൺ ഡിസി: ദക്ഷിണ കൊറിയയിൽ നിന്നുള്ള ഇറക്കുമതി ഉത്പന്നങ്ങൾക്കുമേലുള്ള തീരുവ 25 ശതമാനമായി ഉയർത്തുമെന്ന് യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപ്. ദക്ഷിണ കൊറിയ കഴിഞ്ഞ വർഷം വാഗ്ദാനം നല്കിയ വ്യാപാര കരാർ പാലിക്കുന്നില്ലെന്ന് ചൂണ്ടിക്കാട്ടിയാണ് നടപടി.

വാഹനങ്ങൾ, തടി, മരുന്നുകൾ എന്നിവയുൾപ്പെടെയുള്ള വിവിധ ഉത്പന്നങ്ങളുടെ നികുതി 15 ശതമാനത്തിൽ നിന്ന് 25 ആയി ഉയർത്തുമെന്നാണ് ട്രംപ് സോഷ്യൽ മീഡിയയിൽ പങ്കുവെച്ച കുറിപ്പിലൂടെ അറിയിച്ചത്. അതേസമയം, നികുതി വർധിപ്പിക്കുന്നതിനെക്കുറിച്ച് തങ്ങൾക്ക് ഔദ്യോഗിക അറിയിപ്പൊന്നും ലഭിച്ചിട്ടില്ലെന്നും ഈ വിഷയത്തിൽ വാഷിംഗ്ടണുമായി അടിയന്തര ചർച്ചകൾ നടത്താൻ താല്പര്യപ്പെടുന്നുവെന്നുമാണ് ദക്ഷിണ കൊറിയയുടെ പ്രതികരണം.

ഇരുരാജ്യങ്ങളും തമ്മിൽ കഴിഞ്ഞ ഒക്ടോബറിലാണ് ധാരണയിലെത്തിയത്. ഇതിന്റെ ഭാഗമായി ദക്ഷിണ കൊറിയ യുഎസിൽ 350 ബില്യൺ ഡോളർ നിക്ഷേപിക്കുമെന്ന് ഉറപ്പുനൽകിയിരുന്നു. ഇതിൽ ഒരു ഭാഗം കപ്പൽ നിർമാണ മേഖലയിലേക്കാണ് നിശ്ചയിച്ചിരുന്നത്. തൊട്ടടുത്ത മാസം ദക്ഷിണ കൊറിയ കരാർ അംഗീകരിക്കുന്ന നടപടികൾ ആരംഭിച്ചാൽ ചില ഉൽപ്പന്നങ്ങളുടെ നികുതി കുറയ്ക്കാമെന്ന് ഇരുരാജ്യങ്ങളും സമ്മതിച്ചിരുന്നു.

നവംബർ 26 ന് കരാർ ദക്ഷിണ കൊറിയൻ ദേശീയ അസംബ്ലിയിൽ സമർപ്പിച്ചിരുന്നു. നിലവിൽ ഇത് പരിശോധനാഘട്ടത്തിലാണ്. ഫെബ്രുവരിയിൽ കരാർ പാസാക്കാൻ സാധ്യതയുണ്ടെന്ന് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു.

# കാനഡയ്ക്കു നൂറു ശതമാനം തീരുവഭീഷണിയുമായി ട്രംപ്

വാഷിംഗ്ടൺ ഡിസി: ചൈനയുമായി വ്യാപാര ഉടന്പടി ഉണ്ടാക്കിയാൽ കാനഡയ്ക്കുമേൽ 100 ശതമാനം ചുങ്കം ചുമത്തുമെന്ന് അമേരിക്കൻ പ്രസിഡൻറ് ട്രംപ് ഭീഷണി മുഴക്കി. കനേഡിയൻ പ്രധാനമന്ത്രി അടുത്തിടെ ചൈന സന്ദർശിച്ച് പരസ്പര ചുങ്കങ്ങൾ വെട്ടിക്കുറയ്ക്കാൻ തീരുമാനമുണ്ടാക്കിയ പശ്ചാത്തലത്തിലാണിത്.ചൈന കാനഡയെ പച്ചയ്ക്കു തിന്നുമെന്ന് ട്രംപ് പറഞ്ഞു. കാനഡയുടെ ബിസിനസും ജീവിതരീതിയും ചൈന വിഴുങ്ങും. അമേരിക്ക ചുമത്തിയിട്ടുള്ള ഇറക്കുമതിച്ചുങ്കം മറികടക്കാൻ ചൈന കാനഡയെ ഉപയോഗിക്കുമെന്നും ട്രംപ് പറഞ്ഞു. ചൈനീസ് ഉത്പന്നങ്ങൾ കാനഡയിലെത്തിച്ച് അമേരിക്കയിലേക്കു കയറ്റുമതി ചെയ്യാൻ ശ്രമിക്കും. അതിനാണു ശ്രമമെങ്കിൽ കനേഡിയൻ പ്രധാനമന്ത്രി മാർക്ക് കാർണിക്കു തെറ്റിപ്പോയി എന്നും ട്രംപ് കൂട്ടിച്ചേർത്തു. കാനഡയെ പിടിച്ചെടുത്ത് അമേരിക്കയുടെ 51-ാം സംസ്ഥാനമാക്കാൻ ആഗ്രഹിക്കുന്ന ട്രംപ്, കാർണിയെ, 'ഗവർണർ കാർണി' എന്നാണ് അഭിസംബോധന ചെയ്തത്.

അതേസമയം, ചൈനയുമായി സ്വതന്ത്ര വ്യാപരക്കരാർ ഉണ്ടാക്കാൻ നീക്കമില്ലെന്ന് യുഎസുമായുള്ള വ്യാപാരത്തിന്റെ ചുമതല വഹിക്കുന്ന കനേഡിയൻ മന്ത്രി ഡൊമിനിക് ലെബ്ലാ വ്യക്തമാക്കി. കാനഡയും ചൈനയും ഇറക്കുമതി ചുങ്കങ്ങൾ കുറയ്ക്കാനാണ് ധാരണ ഉണ്ടാക്കിയതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ധാരണകൾ നടപ്പിലാക്കാൻ തയാറാണെന്ന് കാനഡയിലെ ചൈനീസ് എംബസി പ്രതികരിച്ചു.

# വിജയ്ക്ക് കനത്ത തിരിച്ചടി; `ജനനായകൻ` റിലീസ് വൈകും

ചെന്നൈ: വിജയ് ചിത്രം ജനനായകന് വീണ്ടും തിരിച്ചടി. ചിത്രത്തിന് ഉടൻ 'യുഎ' സർട്ടിഫിക്കറ്റ് നൽകണമെന്ന സിംഗിൾ ബെഞ്ചിന്റെ ഉത്തരവ് മദ്രാസ് ഹൈക്കോടതി ഡിവിഷൻ ബെഞ്ച് റദ്ദാക്കി. സിംഗിൾ ബെഞ്ച് ഉത്തരവിനെതിരെ സെൻസർ ബോർഡ് നൽകിയ അപ്പീലിലാണ് വിധി.

സിനിമയ്ക്ക് എതിരായ പരാതിയിൽ ഉന്നയിച്ചിട്ടുള്ള കാര്യങ്ങൾ പരിഗണിക്കുമ്പോൾ, സെൻസർ ബോർഡിന് തങ്ങളുടെ ഭാഗം വിശദീകരിക്കാനുള്ള മതിയായ അവസരം നൽകേണ്ടതായിരുന്നു എന്ന് കോടതി അഭിപ്രായപ്പെട്ടു. സ്വാഭാവിക നീതി ഉറപ്പാക്കുന്നതിനായി കേസ് വീണ്ടും സിംഗിൾ ബെഞ്ചിന്റെ പരിഗണനയ്ക്ക് അയച്ചു. ചീഫ് ജസ്റ്റിസ് മനീന്ദ്ര മോഹൻ ശ്രീവാസ്തവ, ജസ്റ്റിസ് ജി. അരുൾ മുരുകൻ എന്നിവരടങ്ങിയ ബെഞ്ചിൻറേതാണ് നടപടി.

ചിത്രത്തിന് 'യുഎ' സർട്ടിഫിക്കറ്റ് നൽകാൻ സെൻസർ ബോർഡിന്റെ പരിശോധനാ സമിതി ആദ്യം തീരുമാനിച്ചിരുന്നു. എന്നാൽ, സമിതിയിലെ ഒരംഗത്തിന്റെ പരാതിയെത്തുടർന്ന് സിബിഎഫ്സി ചെയർമാൻ ചിത്രം പുനഃപരിശോധനയ്ക്കായി റിവൈസിംഗ് കമ്മിറ്റിക്ക് അയച്ചു. ഇതിനെതിരെ നിർമാതാക്കൾ ഹൈക്കോടതിയെ സമീപിച്ചു. ചെയർമാന്റെ നടപടി തെറ്റാണെന്നും ഉടൻ സർട്ടിഫിക്കറ്റ് നൽകണമെന്നും സിംഗിൾ ബെഞ്ച് ഉത്തരവുമിട്ടു. എന്നാൽ, സെൻസർ ബോർഡ് നൽകിയ അപ്പീൽ പരിഗണിച്ച ഡിവിഷൻ ബെഞ്ച് ഈ ഉത്തരവ് സ്റ്റേ ചെയ്യുകയായിരുന്നു.

നിർമാതാക്കൾ സുപ്രീം കോടതിയെ സമീപിച്ചെങ്കിലും ഈ നടപടിയിൽ ഇടപെടാൻ കോടതി വിസമ്മതിച്ചു. വിഷയത്തിൽ അന്തിമ തീരുമാനം എടുക്കാൻ മദ്രാസ് ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ചിനോട് സുപ്രീംകോടതി ആവശ്യപ്പെട്ടതിനെ തുടർന്നാണ് ഇപ്പോഴത്തെ ഈ നടപടി.

# ദേശീയഗാനത്തിന് തുല്യമായി 'വന്ദേമാതര'ത്തിനും പ്രോട്ടോക്കോൾ ഏർപ്പെടുത്തുന്നത് കേന്ദ്രത്തിന്റെ പരിഗണനയിൽ

ന്യൂഡൽഹി: ദേശീയ ഗാനമായ 'ജനഗണമന'യ്ക്ക് നൽകുന്ന അതേ ആദരവും പദവിയും ദേശീയ ഗീതമായ 'വന്ദേമാതര'ത്തിനും നൽകുന്നതിനായി പുതിയ പ്രോട്ടോക്കോൾ കൊണ്ടുവരാൻ കേന്ദ്ര സർക്കാർ ആലോചിക്കുന്നു. ഇതനുസരിച്ച് വന്ദേമാതരം ആലപിക്കുമ്പോഴോ പ്ലേ ചെയ്യുമ്പോഴോ എഴുന്നേറ്റു നിൽക്കുന്നത് നിർബന്ധമാക്കിയേക്കും.

ദേശീയ ഗാനവും ദേശീയ ഗീതവും തുല്യമായ പദവിയിലാണെന്ന് ഭരണഘടനാ അസംബ്ലി നേരത്തെ വ്യക്തമാക്കിയിട്ടുണ്ടെങ്കിലും, വന്ദേമാതരത്തിന് നിലവിൽ നിർബന്ധിത നിയമങ്ങളോ പ്രോട്ടോക്കോളോ ഇല്ല. ഇത് മറികടക്കാനാണ് പുതിയ നീക്കം. ദേശീയ ഗാനത്തെ അപമാനിക്കുന്നത് 1971-ലെ ദേശീയ ബഹുമതികൾ സംരക്ഷിക്കുന്ന നിയമപ്രകാരം കുറ്റകരമാണ്. വന്ദേമാതരത്തെ അപമാനിക്കുന്നവർക്കും സമാനമായ ശിക്ഷാ നടപടികൾ ഏർപ്പെടുത്തുന്നതിനെക്കുറിച്ച് ആഭ്യന്തര മന്ത്രാലയം ചർച്ചകൾ നടത്തുന്നുണ്ട്.

ഉത്തർപ്രദേശ് ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിൽ വന്ദേമാതരം സ്കൂളുകളിൽ നിർബന്ധമാക്കാൻ നടപടികൾ ആരംഭിച്ചു കഴിഞ്ഞു. വന്ദേമാതരത്തിന്റെ 150-ാം വാർഷികാഘോഷങ്ങളുടെ ഭാഗമായാണ് ഈ ചർച്ചകൾ സജീവമായത്. ദേശീയ ഗീതത്തിന്റെ പ്രാധാന്യം കുറച്ചുകാണിക്കാൻ മുൻ സർക്കാരുകൾ ശ്രമിച്ചുവെന്ന ബിജെപി ആരോപണങ്ങൾക്കിടയിലാണ് ഈ പുതിയ നിയമനിർമാണ നീക്കം.

# അമേരിക്കയിൽ കൂടുതൽ കുടുംബങ്ങളും കുട്ടികളും വേണമെന്ന് വാൻസ്

വാഷിംഗ്ടൺ ഡിസി: 'ജീവൻ ഒരു ദാനമാണ്' എന്ന പ്രമേയത്തിൽ യുഎസ് തലസ്ഥാനമായ വാഷിംഗ്ടൺ ഡിസിയിൽ നടന്ന 'മാർച്ച് ഫോർ ലൈഫി'ൽ അണിചേർന്ന് യുഎസ് വൈസ് പ്രസിഡൻറ് ജെ. ഡി. വാൻസും. മാർച്ചിലെ ആദ്യ രാഷ്ട്രീയ പ്രസംഗകനായിരുന്നു വാൻസ്. പ്രസിഡൻറ് ട്രംപിന്റെ ഗർഭഛിദ്ര നയങ്ങളെ ന്യായീകരിച്ച വാൻസ്, നിങ്ങൾക്ക് വൈറ്റ് ഹൗസിൽ ഒരു സഖ്യകക്ഷിയുണ്ടെന്നും സദസ്യരോടായി പറഞ്ഞു. അമേരിക്കയിൽ കൂടുതൽ കുടുംബങ്ങളും കുട്ടികളും വേണമെന്നാണു താൻ അതിയായി ആഗ്രഹിക്കുന്നതെന്ന് വാൻസ് പറഞ്ഞു. താനും ഭാര്യ ഉഷയും നാലാമത്തെ കുട്ടിക്കായി കാത്തിരിക്കുന്നുവെന്ന വിവരവും അദ്ദേഹം പങ്കുവച്ചു. പറയുന്ന കാര്യങ്ങൾ സ്വന്തം ജീവിതത്തിൽ പ്രാവർത്തികമാക്കുന്നയാളാണു നിങ്ങളുടെ വൈസ് പ്രസിഡന്റെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

വാൻസിനു പുറമെ ഹൗസ് സ്പീക്കർ മൈക്ക് ജോൺസൺ, പ്രോലൈഫ് വക്താവുകൂടിയായ ന്യൂജഴ്സിയിൽനിന്നുള്ള റിപ്പബ്ലിക്കൻ സെനറ്റർ ക്രിസ് സ്മിത്ത് തുടങ്ങിയവരും പ്രസംഗിച്ചു. പ്രസിഡൻറ് ട്രംപും സെനറ്റ് മജോറിറ്റി നേതാവ് ജോൺ തുനെയും മാർച്ചിൽ പങ്കെടുത്തവരെ ഓൺലൈനായി അഭിസംബോധന ചെയ്തു. നിരവധി റിപ്പബ്ലിക്കൻ അംഗങ്ങളും പരിപാടിയിൽ പങ്കെടുത്തു. 'മാർച്ച് ഫോർ ലൈഫി'ൽ പങ്കെടുത്തവർക്ക് ലെയോ പതിനാലാമൻ മാർപാപ്പ ഐക്യദാർഢ്യം പ്രഖ്യാപിച്ചിരുന്നു. ഗർഭാവസ്ഥ മുതൽ സ്വാഭാവിക മരണം വരെ ജീവന്റെ എല്ലാ ഘട്ടങ്ങളെയും ആദരിക്കണമെന്നും സംരക്ഷിക്കണമെന്നും മാർപാപ്പ സന്ദേശത്തിൽ ആഹ്വാനം ചെയ്തു.

ജീവിക്കാനുള്ള അവകാശം സംരക്ഷിക്കുക എന്നത് മറ്റെല്ലാ മനുഷ്യാവകാശങ്ങളുടെയും അനിവാര്യമായ അടിത്തറയാണെന്ന് മാർപാപ്പ ഓർമിപ്പിച്ചു. രാജ്യത്തെ 50 സംസ്ഥാനങ്ങളിലും ഗർഭഛിദ്രം നിയമവിധേയമാക്കിക്കൊണ്ടുള്ള അമേരിക്കൻ സുപ്രീം കോടതിയുടെ 1973ലെ റോ വേഴ്സസ് വേഡ് വിധി വന്നതിന്റെ വാർഷികത്തോടനുബന്ധിച്ചാണ് ഇതിനെതിരേ എല്ലാ വർഷവും ജനുവരി 23ന് മാർച്ച് ഫോർ ലൈഫ് സംഘടിപ്പിക്കുന്നത്. വെള്ളിയാഴ്ച നടന്ന മാർച്ചിൽ ജീവന്റെ മഹത്വം ഉദ്ഘോഷിച്ചും ഗർഭസ്ഥശിശുവിന്റെ ജീവിക്കാനുള്ള അവകാശം ഉറക്കെ പ്രഖ്യാപിച്ചും പതിനായിരങ്ങളാണു പങ്കെടുത്തത്.

# ഇലോൺ മസ്കിന്റെ പേരിൽ എക്സിൽ തട്ടിപ്പ്; മുംബൈ സ്വദേശിനിക്ക് നഷ്ടമായത് ലക്ഷങ്ങൾ

മുംബൈ: സ്പേസ് എക്സ് സ്ഥാപകൻ ഇലോൺ മസ്കിന്റെ പേരിൽ മുംബൈ സ്വദേശിനിയിൽ നിന്ന് ലക്ഷങ്ങൾ തട്ടിയതായി പരാതി. സമൂഹ മാധ്യമമായ എക്സിലൂടെ ആയിരുന്നു ഇലോൺ മസ്കിന്റെ പേരിൽ യുവതിയെ വിവാഹ വാഗ്ദാനം നൽകി പണം തട്ടിയത്.

മുംബൈയിലെ ചെമ്പൂരിൽ താമസിക്കുന്ന 40 വയസുകാരിക്കാണ് പണം നഷ്ടമായത്. എക്സിൽ ഇലോൺ മസ്കിന്റെ പേരിൽ യുവതിയുമായി പരിചയം സ്ഥാപിച്ച തട്ടിപ്പ് സംഘം തുടർന്ന് മറ്റൊരു മെസേജിംഗ് ആപ്പിലേക്ക് വരാൻ പറഞ്ഞ് അവിടെയും ചാറ്റ് ചെയ്തു.

വിവാഹം കഴിക്കാമെന്നും അമേരിക്കയിൽ പുതിയ ജീവിതം നൽകാമെന്നും ഉൾപ്പെടെയാണ് യുവതിക്ക് നൽകിയ വാഗ്ദാനങ്ങൾ. തുടർന്ന് വിസ നടപടിക്രമങ്ങൾക്കായി ജെയിംസ് എന്നയാളെ പരിചയപ്പെടുത്തി.

ജെയിംസ് വിസ പ്രോസസിംഗ് ഫീസെന്ന് പറഞ്ഞ് അമസോൺ ഗിഫ്റ്റ് കാർഡുകൾ യുവതിയിൽ നിന്ന് വാങ്ങി. കഴിഞ്ഞ വർഷം ഒക്ടോബർ മുതൽ ഈ വർഷം ജനുവരി വരെയുള്ള കാലയളവിൽ 16.34 ലക്ഷം രൂപയുടെ ഗിഫ്റ്റ് കാർഡുകളാണ് യുവതി നൽകിയത്.

ജനുവരി 15ന് അമേരിക്കയിലേക്കുള്ള വിമാന ടിക്കറ്റിനായി യുവതിയിൽ നിന്ന് രണ്ട് ലക്ഷം രൂപ ആവശ്യപ്പെട്ടതോടെയാണ് സംശയം തോന്നിയത്. പണം നൽകാനാവില്ലെന്ന് വ്യക്തമാക്കിയതോടെ അമേരിക്കാണില്ലെന്ന് മറുപടി നൽകിയ തട്ടിപ്പ് സംഘം പിന്നീട് പ്രതികരിച്ചിട്ടില്ല.

# അമേരിക്കയിൽ കുടിയേറ്റ പരിശോധനക്കെതിരെ പ്രതിഷേധിച്ച യുവാവ് വെടിയേറ്റ് മരിച്ചു

ന്യൂയോർക്ക്: അമേരിക്കയിലെ മിനിയാപൊളിസ് നഗരത്തിൽ സുരക്ഷാ സേനയുടെ വെടിയേറ്റ് 37 കാരനായ യുഎസ് പൗരൻ മരിച്ചു. കുടിയേറ്റ പരിശോധനക്കെതിരെ പ്രതിഷേധിച്ച യുവാവാണ് കൊല്ലപ്പെട്ടത്. സംഭവത്തെ തുടർന്ന് നഗരത്തിൽ നാഷണൽ ഗാർഡ് സേനയെ വിന്യസിച്ചു.

കൊല്ലപ്പെട്ട യുവാവിന്റെ പേരുവിവരങ്ങൾ പുറത്തുവിട്ടിട്ടില്ല. ഗുരുതരമായി പരിക്കേറ്റ യുവാവ് ആശുപത്രിയിൽ വച്ചാണ് മരിച്ചത്. ഒരു മാസത്തിനിടെ സമാനമായ രീതിയിലുള്ള രണ്ടാമത്തെ മരണമാണിത്. പ്രതിഷേധക്കാരെ അടിച്ചമർത്തുന്നതിനായാണ് കൂടുതൽ സുരക്ഷാ സേനയെ വിന്യസിച്ചത്.

ആയുധ ധാരികളായ ഉദ്യോഗസ്ഥരെ നഗരത്തിൽ നിന്ന് പിൻവലിക്കണമെന്നാണ് പ്രതിഷേധക്കാരുടെ ആവശ്യം. കുടിയേറ്റത്തിനെതിരായ നടപടിയുടെ ഭാഗമായി മിനിയാപൊളിസ് നഗരത്തിൽ കഴിഞ്ഞ ഒരാഴ്ചയായി സുരക്ഷാ സേന വ്യാപകമായ പരിശോധന ആരംഭിച്ചിരുന്നു. ഇതിനെതിരെയാണ് പ്രതിഷേധം ഉടലെടുത്തത്.

വെടിവെപ്പിന്റെ ദൃശ്യങ്ങളും സാമൂഹിക മാധ്യമങ്ങളിലൂടെ പുറത്തുവന്നിട്ടുണ്ട്. യുവാവിന്റെ പക്കൽ നിന്ന് തോക്ക് പിടിച്ചുവാങ്ങിയശേഷമാണ് യുവാവിന്റെ ശരീരത്തിലേക്ക് പല തവണ വെടിവെച്ചതെന്നാണ് ആരോപണം. സർക്കാരിനെതിരെ പ്രതിഷേധിക്കുന്നവരെ എന്തിനാണ് വെടിവെച്ച് കൊല്ലുന്നതെന്നാണ് ആരോപണം. കഴിഞ്ഞയാഴ്ച വെനസ്വേല സ്വദേശിയായ യുവാവാണ് സമാനമായ രീതിയിൽ വെടിയേറ്റ് കൊല്ലപ്പെട്ടത്.

# റിപ്പബ്ലിക് ദിന പരേഡിൽ ചരിത്രം കുറിച്ച് യൂറോപ്യൻ യൂണിയൻ പ്ലാറ്റൂൺ

ന്യൂഡൽഹി: രാജ്യത്തിന്റെ 77-ാം റിപ്പബ്ലിക് ദിന പരേഡിൽ ലോകശ്രദ്ധ പിടിച്ചുപറ്റി യൂറോപ്യൻ യൂണിയൻ സൈനിക വിഭാഗത്തിന്റെ പങ്കാളിത്തം. ചരിത്രത്തിലാദ്യമായാണ് യൂറോപ്പിന് പുറത്തുള്ള ഒരു രാജ്യത്തിന്റെ ദേശീയ ദിന ആഘോഷങ്ങളിൽ യൂറോപ്യൻ യൂണിയന്റെ ഔദ്യോഗിക പ്ലാറ്റൂൺ അണിനിരക്കുന്നത്.

യൂറോപ്യൻ കമ്മീഷൻ പ്രസിഡൻറ് ഉർസുല വോൺ ഡെർ ലെയ്ൻ മുഖ്യാതിഥിയായി പങ്കെടുത്ത ചടങ്ങിൽ ഈ സൈനിക സാന്നിധ്യം ഇന്ത്യ-യൂറോപ്യൻ യൂണിയൻ ബന്ധത്തിലെ പുതിയ അധ്യായമായി മാറി.

മൂന്ന് ജിപ്സി വാഹനങ്ങളിലായി എത്തിയ നാല് പതാകവാഹകരാണ് യൂറോപ്യൻ യൂണിയനെ പ്രതിനിധീകരിച്ചത്. കേണൽ ഫ്രെഡറിക് സൈമൺ സ്പ്രൂയിറ്റ് പ്ലാറ്റൂണിന് നേതൃത്വം നൽകി.

യൂറോപ്യൻ യൂണിയന്റെ നീല പതാകയ്ക്കൊപ്പം, സമുദ്ര സുരക്ഷാ ദൗത്യങ്ങളായ 'ഓപ്പറേഷൻ അറ്റ്ലാൻറ', 'ഓപ്പറേഷൻ ആസ്പിഡിസ്' എന്നിവയുടെ പതാകകളും കർതവ്യപഥിൽ ഉയർന്നു.

ചെങ്കടലിലും ഇന്ത്യൻ മഹാസമുദ്രത്തിലും കടൽക്കൊള്ളയ്ക്കെതിരെ ഇന്ത്യയും യൂറോപ്യൻ യൂണിയനും നടത്തുന്ന സംയുക്ത പോരാട്ടത്തിന്റെ അടയാളമായാണ് ഈ പങ്കാളിത്തം വിലയിരുത്തപ്പെടുന്നത്.

നേരത്തെ ഫ്രാൻസ്, യുഎഇ തുടങ്ങിയ രാജ്യങ്ങളുടെ സൈനികർ പരേഡിൽ പങ്കെടുത്തിട്ടുണ്ടെങ്കിലും, 27 രാജ്യങ്ങളുടെ കൂട്ടായ്മയായ യൂറോപ്യൻ യൂണിയൻ ഒരു പ്ലാറ്റൂണിനെ അയക്കുന്നത് ഇതാദ്യമാണ്.

# ഇംഗ്ലീഷ് പ്രീമിയർ ലീഗ്: എവർട്ടണെ സമനിലയിൽ തളച്ച് ലീഡ്സ് യുണൈറ്റഡ്

ലണ്ടൻ: ഇംഗ്ലീഷ് പ്രീമിയർ ലീഗ് ഫുട്ബോളിൽ എവർട്ടണെ സമനിലയിൽ തളച്ച് ലീഡ്സ് യുണൈറ്റഡ്. തിങ്കളാഴ്ച നടന്ന മത്സരത്തിൽ ഇരു ടീമുകളും ഓരോ ഗോൾ വീതം നേടി. തിയേർനോ ബാരിയാണ് എവർട്ടണ് വേണ്ടി ഗോൾ നേടിയത്. ജെയിംസ് ജസ്റ്റിൻ ആണ് ലീഡ്സിനായി ഗോൾ സ്കോർ ചെയ്തത്. മത്സരം സമനിലയായതോടെ എവർട്ടണ് 33 പോയിൻറും ലീഡ്സിന് 26 പോയിൻറുമായി.എവർടൺ പത്താം സ്ഥാനത്തും ലീഡ്സ് 16-ാം സ്ഥാനത്തുമാണുള്ളത്.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# ഡ്യൂട്ടി സമയത്തെ മദ്യപാനം; പോലീസുകാരെ സസ്പെൻഡ് ചെയ്തു

തിരുവനന്തപുരം: കഴക്കൂട്ടത്ത് ഡ്യൂട്ടിക്കിടയിൽ സ്റ്റേഷന് മുന്നിൽ പരസ്യമായി മദ്യപിച്ച പോലീസുകാരെ സസ്പെൻഡ് ചെയ്തു. ആറ് പോലീസുകാരെയാണ് സസ്പെൻഡ് ചെയ്തത്.

പോലീസുകാർക്ക് നല്ല നടപ്പ് പരിശീലനം നൽകാനും തീരുമാനിച്ചിട്ടുണ്ട്. പോലീസുകാർ മദ്യപിച്ചതു ഡ്യൂട്ടി സമയത്തെന്ന് കണ്ടെത്തിയതിനെ തുടർന്നാണ് നടപടി. കഴക്കൂട്ടം പൊലീസ് സ്റ്റേഷന് തൊട്ടുമുന്നിലെ റോഡരികിൽ നിർത്തിയിട്ട വാഹനത്തിലായിരുന്നു പോലീസുകാരുടെ കൂട്ട മദ്യപാനം. സംഭവത്തിന്റെ ദൃശ്യങ്ങൾ ഉൾപ്പെടെ സാമൂഹിക മാധ്യമങ്ങളിൽ വ്യാപകമായി പ്രചരിച്ചിരുന്നു. എസ്ഐ ബിനു, അരുൺ, സിപിഒമാരായ അരുൺ, രതീഷ്, മനോജ്, അഖിൽരാജ് എന്നിവരെയാണ് സസ്പെൻഡ് ചെയ്തത്.

ആറുപേരും കഴക്കൂട്ടം സ്റ്റേഷനിൽ നിന്നുള്ളവരാണ്. വിവാഹ സൽക്കാരത്തിനു പോകുന്നതിനു മുന്നോടിയായി ആയിരുന്നു മദ്യപാനം. വാഹനമോടിക്കുന്ന സിപിഒ അടക്കമുള്ളവർ മദ്യപിക്കുന്നത് ദൃശ്യത്തിൽ വ്യക്തമാണ്.

# ശബരിമല സ്വർണക്കൊള്ള: മുരാരി ബാബുവിന് ഇഡി സമൻസ് നൽകിയേക്കും

കൊച്ചി: ശബരിമല സ്വർണക്കൊള്ളയിലെ പ്രതിയും തിരുവിതാംകൂർ മുൻ എക്സിക്യൂട്ടീവ് ഓഫീസറുമായ മുരാരി ബാബുവിന് ഇഡി ഇന്ന് സമൻസ് നൽകിയേക്കും. മുഖ്യപ്രതി ഉണ്ണികൃഷ്ണൻ പോറ്റിയുമായി കേസിലെ പ്രതികൾ നടത്തിയ സാമ്പത്തിക ഇടപാടുകളിലെ വിവരങ്ങൾ തേടുന്നതിനാണ് ഇഡി ചോദ്യം ചെയ്യൽ.

മുരാരി അടക്കമുള്ളവരുടെ വീടുകളിൽ ഇഡി നടത്തിയ പരിശോധനയിൽ ബാങ്ക് അക്കൗണ്ട് വിശദാംശങ്ങൾ, സ്വത്തുക്കൾ അടക്കമുള്ള രേഖകൾ കണ്ടെത്തിയിട്ടുണ്ട്.

നേരത്തെ, സ്വർണക്കൊള്ളയുമായി ബന്ധപ്പെട്ട് എസ്ഐടി റജിസ്റ്റർ ചെയ്ത രണ്ടും കേസുകളിലും കൊല്ലം വിജിലൻസ് കോടതി മുരാരി ബാബുവിന് സ്വാഭാവിക ജാമ്യം നൽകിയിരുന്നു.

# ലഹരി കേന്ദ്രമായി പെരുമ്പാവൂരിലെ ഭായ് കോളനി; സന്ദർശിച്ച് എൽദോസ് കുന്നപ്പിള്ളി

കൊച്ചി: പെരുമ്പാവൂർ കണ്ടംതറയിലെ ഭായ് കോളനി ലഹരി വിൽപ്പനക്കാരുടെ കേന്ദ്രമായി മാറിയെന്ന നാട്ടുകാരുടെ പരാതികൾ ശക്തമാകുന്നു. ഈ സാഹചര്യത്തിൽ എൽദോസ് കുന്നപ്പിള്ളി എംഎൽഎയുടെ നേതൃത്വത്തിൽ ജനപ്രതിനിധികൾ പ്രദേശം സന്ദർശിച്ച് സ്ഥിതിഗതികൾ വിലയിരുത്തി. നിരവധി ലഹരി ഉത്പന്നങ്ങൾ ഭായ് കോളനിയിൽ നിന്നും കഴിഞ്ഞ ദിവസങ്ങളിൽ പിടികൂടിയിരുന്നു. മറ്റ് സ്ഥലങ്ങളിൽ താമസിക്കുന്ന ഇതരസംസ്ഥാന തൊഴിലാളികൾ ലഹരി തേടി ഭായ് കോളനിയിൽ എത്താറുണ്ട്. അതേസമയം, മാലിന്യം കൊണ്ട് നിറഞ്ഞ ഇവിടം മാലിന്യമുക്തമാക്കുമെന്ന് ജനപ്രതിനിധികൾ പറഞ്ഞു. ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് കെ. ശാരദ, ജില്ലാ പഞ്ചായത്ത് അംഗങ്ങളായ ടി. എ. മുക്താർ, ടി. എസ്. സുമയ്യ, വാഴക്കുളം വാർഡ് അംഗം കെ. എം. സെറീന എന്നിവരാണ് സംഘത്തിലുണ്ടായത്.

അനധികൃത നിർമാണങ്ങൾക്കെതിരേ കർശന നടപടി എടുക്കുമെന്നും ഇവർ വ്യക്തമാക്കി. സെപ്റ്റിക് ടാങ്ക് മാലിന്യം ഉൾപ്പെടെ പൊതു തോടുകളിലേക്ക് തള്ളുന്നതും സംഘത്തിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഇതിൽ അടിയന്തര നടപടി എടുക്കാൻ ഉദ്യോഗസ്ഥർക്ക് നിർദേശം നൽകി.

# തിരുവാങ്കുളത്ത് പ്ലസ് വൺ വിദ്യാർഥിനി പാറമടയിൽ മരിച്ച നിലയിൽ

കൊച്ചി: തിരുവാങ്കുളത്ത് സ്കൂളിലേയ്ക്ക് പോയ പ്ലസ് വൺ വിദ്യാർഥിനിയെ വീടിന് സമീപത്തെ പാറമടയിൽ മരിച്ച നിലയിൽ കണ്ടെത്തി. ശാസ്താംമുകൾ കിണറ്റിങ്കൽ വീട്ടിൽ മഹേഷിന്റെ മകൾ ആദിത്യ (16) ആണ് മരിച്ചത്. ഇന്ന് രാവിലെ ഒൻപതോടെ ശാസ്താംമുകൾ ഭാഗത്തെ പാറമടയിലാണ് മൃതദേഹം കണ്ടെത്തിയത്.

സ്കൂൾ യൂണിഫോം ധരിച്ച നിലയിലായിരുന്നു മൃതദേഹം. പാറമടയുടെ കരയിൽ സ്കൂൾ ബാഗ് ഇരിക്കുന്നത് കണ്ട് സംശയം തോന്നിയ സമീപവാസികൾ നടത്തിയ പരിശോധനയിലാണ് മൃതദേഹം വെള്ളത്തിൽ പൊങ്ങിക്കിടക്കുന്നത് കണ്ടത്. ബാഗിനുള്ളിൽ ഉച്ചഭക്ഷണവും കരുതിയിരുന്നു. വിവരമറിഞ്ഞ ഉടൻതന്നെ വാർഡ് മെമ്പർ ചോറ്റാനിക്കര പോലീസിനെ വിവരമറിയിച്ചു. പോലീസ് സ്ഥലത്തെത്തി പ്രാഥമിക നടപടികൾ സ്വീകരിച്ച ശേഷം മൃതദേഹം പോസ്റ്റ്മോർട്ടത്തിനായി കളമശേരി മെഡിക്കൽ കോളജിലേയ്ക്ക് മാറ്റി. സംഭവത്തിൽ പോലീസ് അന്വേഷണം ആരംഭിച്ചിട്ടുണ്ട്.

# മംഗലം ഡാമിൽ വീണ്ടും കടുവയിറങ്ങി; ഭീതിയിൽ നാട്ടുകാർ

പാലക്കാട്: മംഗലം ഡാം ഓടംതോട് വീണ്ടും കടുവ ഇറങ്ങിയതായി ടാപ്പിംഗ് തൊഴിലാളി. ഇന്ന് പുലർച്ചെ നാലരയോടെ റബർ ടാപ്പിങ്ങിന് പോകും വഴി ടാപ്പിംഗ് തൊഴിലാളിയായ ധർമജൻ ആണ് കടുവയെ കണ്ടത്.

നന്നങ്ങാടി വേലം കുന്നിലേയ്ക്ക് പോകുന്നതിനിടെയാണ് കടുവയെ കണ്ടതെന്ന് ധർമജൻ പറഞ്ഞു. വനംവകുപ്പിനെ വിവരമറിയിച്ചതിനെ തുടർന്ന് വനപാലകർ സ്ഥലത്തെത്തി പരിശോധന നടത്തി. കഴിഞ്ഞ ദിവസം പ്രദേശത്ത് യുവാവ് കടുവയുടെ അലർച്ച കേട്ടതായും വനംവകുപ്പിനെ വിവരമറിയിച്ചിരുന്നു. കഴിഞ്ഞ ദിവസം തന്നെ പുലിയുടേതെന്ന് സംശയിക്കുന്ന കാൽപ്പാട് കണ്ടെത്തിയതായും നാട്ടുകാർ പറയുന്നു.

# ശബരിമല സ്വർണക്കൊള്ള കേസിൽ കുറ്റപത്രം നൽകിയില്ല; എസ്ഐടിക്കെതിരെ രൂക്ഷവിമർശനവുമായി ഹൈക്കോടതി

കൊച്ചി: ശബരിമല സ്വർണക്കൊള്ള കേസിൽ എസ്ഐടി കുറ്റപത്രം നൽകാത്തതിനെ രൂക്ഷമായി വിമർശിച്ച് ഹൈക്കോടതി. പ്രതികൾക്ക് എങ്ങനെ സ്വാഭാവിക ജാമ്യം ലഭിക്കുന്നു എന്ന് കോടതി ചോദിച്ചു. ഗുരുതര സാഹചര്യമാണിത്. പ്രതികളെ അറസ്റ്റ് ചെയ്തിട്ട് ഏറെക്കുറെ 90 ദിവസം ആകുന്നു. കുറ്റപത്രം നൽകിയാൽ പ്രതികൾ സ്വാഭാവിക ജാമ്യത്തിൽ പോകുന്നത് തടയാനാകും. അല്ലാത്ത പക്ഷം പൊതുജനങ്ങൾക്ക് അന്വേഷണത്തിൽ സംശയം ഉണ്ടാകുമെന്നും കോടതി വിമർശിച്ചു. ഹൈക്കോടതി സിംഗിൾ ബെഞ്ച് ജഡ്ജി ബദറുദ്ദീനാണ് രൂക്ഷ വിമർശനം നടത്തിയത്. അറസ്റ്റ് ചോദ്യംചെയ്ത് പങ്കജ് ഭണ്ഡാരി നൽകിയ ഹർജി പരിഗണിക്കുകയായിരുന്നു കോടതി. അറസ്റ്റ് അനിവാര്യമാണെന്നും പക്ഷേ അറസ്റ്റിനുള്ള കാരണങ്ങൾ സുപ്രീം കോടതി ഉത്തരവ് പ്രകാരം വ്യക്തമാക്കേണ്ടതുണ്ടെന്നും കോടതി വ്യക്തമാക്കി.

# പയ്യന്നൂരിൽ കുഞ്ഞികൃഷ്ണൻ അനുകൂലിയുടെ ബൈക്ക് കത്തിച്ചു

പയ്യന്നൂർ: സിപിഎം ഫണ്ട് വെട്ടിപ്പിന്റെ വെളിപ്പെടുത്തലുമായി രംഗത്തെത്തിയ സിപിഎം ജില്ലാ സെക്രട്ടറി വി. കുഞ്ഞികൃഷ്ണനെ അനുകൂലിക്കുന്നയാളുടെ ബൈക്ക് കത്തിച്ചു. വെള്ളൂരിലെ പനയന്തട്ട വീട്ടിൽ പ്രസന്നന്റെ പൾസർ ബൈക്കാണ് ഇന്നു പുലർച്ചെ അഗ്നിക്കിരയാക്കിയത്.

റോഡിൽനിന്നും കുറച്ചകലെയുള്ള വീട്ടുവളപ്പിൽ നിർത്തിയിയട്ടിരുന്ന ബൈക്ക് തള്ളി അകലെ മാറ്റിയാണ് തീവച്ചത്. തിങ്കളാഴ്ച രാത്രി പന്ത്രണ്ടിന് ശേഷം നടന്ന തീവയ്പ്പ് ഇന്നു രാവിലെയാണ് വീട്ടുകാരുടെ ശ്രദ്ധയിൽപ്പെട്ടത്.

തിങ്കളാഴ്ച കുഞ്ഞികൃഷ്ണനെതിരെ വെള്ളൂരിൽ പതിനഞ്ചിൽ താഴെവരുന്ന സംഘം പ്രകടനം നടത്തുകയും പടക്കം പൊട്ടിക്കയും ചെയ്ത സംഭവമുണ്ടായിരുന്നു.

ഇതിന് പകരമായി കുഞ്ഞികൃഷ്ണനെ അനുകൂലിച്ചും പ്രകടനം നടന്നു. ഇതിന്റെ നേതൃനിരയിലുണ്ടായിരുന്ന പ്രസന്നന്റെ ബൈക്കാണ് കത്തിച്ചത്.

# വനപാലക സംഘത്തിനു നേരെ കാട്ടുപോത്തിന്റെ ആക്രമണം; ഡെപ്യൂട്ടി റേഞ്ച് ഓഫീസർക്ക് പരിക്ക്

കാട്ടാക്കട: കാട്ടുപോത്തിന്റെ ആക്രമണത്തിൽ വനപാലകനു പരിക്ക്. കണ്ടംതിട്ട ഭാഗത്ത് കാട്ടുപോത്തിറങ്ങി ഉപദ്രവം നടത്തുന്നുവെന്നറിഞ്ഞെത്തിയ വനപാലക സംഘത്തെ ആക്രമിക്കുകയായിരുന്നു. ഡെപ്യൂട്ടി റേഞ്ച് ഓഫീസർ അനിലിനെ പരിക്കുകളോടെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

അതേസമയം, കള്ളിക്കാട് ഗ്രാമപഞ്ചായത്ത് പൊതുജനങ്ങൾക്ക് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. . കണ്ടംതിട്ട, പെട്ടിപ്പാറ, ഇടവാച്ചൽ, പന്ത പ്രദേശങ്ങളിലുള്ളവർ അവരവരുടെ വീടുകളിൽ തന്നെ തുടരണമെന്ന് നിർദേശമുണ്ട്.

# കേരളത്തിലെ തദ്ദേശഭരണത്തിന്റെ ഭാവിസാധ്യതകൾ: പാനൽ ചർച്ച 30ന്

കേരളത്തിലെ തദ്ദേശ ഭരണത്തിന്റെ ഭാവിസാധ്യതകൾ എന്ന വിഷയത്തിൽ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് പാനൽ ചർച്ച സംഘടിപ്പിക്കുന്നു. ജനുവരി 30 ന് വൈകിട്ട് 4 മുതൽ 6.30 വരെയാണ് ചർച്ച. കേരളം കൈവരിച്ച വിവിധ സാമൂഹിക നേട്ടങ്ങൾക്ക് ചാലകശക്തിയായി പ്രവർത്തിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഭാവിയിൽ ശ്രദ്ധയൂന്നേണ്ട മേഖലകളിലാണ് ചർച്ച കേന്ദ്രീകരിക്കുക. സംസ്ഥാന ധനകാര്യ കമ്മീഷൻ ചെയർമാൻ ഡോ. കെ. എൻ. ഹരിലാൽ, മുൻ ചീഫ് സെക്രട്ടറി (റിട്ട) എസ്. എം. വിജയാനന്ദ്, കേരള സംസ്ഥാന പ്ലാനിംഗ് ബോർഡ് മെമ്പർ ഡോ. ജിജു പി. അലക്സ് എന്നിവരാണ് ചർച്ചാപാനലിന് നേതൃത്വം നൽകുക. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ, അക്കാദമിക് വിദഗ്ധർ, ഗവേഷകർ, പൊതുജനങ്ങൾ എന്നിവർ പങ്കെടുക്കും.


## കരുത്തുറ്റ ചലനങ്ങൾ, കുതിക്കുന്ന കേരളം

### വ്യാവസായിക മുന്നേറ്റത്തിന് പുതിയ വേഗം

ഇൻഫർമേഷൻ
പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

ഇന്ന് രാജ്യത്തെ ഏറ്റവും മികച്ച നിക്ഷേപസൗഹൃദ സംസ്ഥാനം
വ്യവസായ സൗഹൃദ സംസ്ഥാനങ്ങളിൽ 28-ാം സ്ഥാനത്ത് നിന്ന് ഒന്നാം സ്ഥാനത്തേക്ക്...
കേരളത്തിൽ വ്യവസായങ്ങൾ വിജയിക്കില്ലെന്ന മുൻവിധികളേയും പ്രചരണങ്ങളേയും അതിജീവിച്ചു കൊണ്ടാണ് കേരളം അഭിമാനാർഹമായ ഈ നേട്ടം കൈവരിച്ചത്. നിക്ഷേപ സൗകര്യങ്ങൾ മെച്ചപ്പെടുത്തി സംരംഭങ്ങൾക്ക് അനുയോജ്യമായ അന്തരീക്ഷം സൃഷ്ടിച്ചു കൊണ്ട് വ്യവസായ സാധ്യതകളുടെ പുതുലോകം തുറക്കുകയാണ് കേരളം.



**അംഗീകാരങ്ങളും നേട്ടങ്ങളും**

- അമേരിക്കൻ സൊസൈറ്റി ഫോർ പബ്ലിക് അഡ്മിനിസ്ട്രേഷന്റെ 'നോവൽ ഇന്നവേഷൻ ഇൻ പബ്ലിക് അഡ്മിനിസ്ട്രേഷൻ' അംഗീകാരം
- എം.എസ്.എം.ഇ രംഗത്തെ ബെസ്റ്റ് പ്രാക്ടീസ് പദ്ധതിയായി പ്രധാനമന്ത്രിയുടെ ദേശീയ വ്യവസായ അവലോകനം അംഗീകരിച്ചു
- വ്യവസായ സൗഹൃദ സംസ്ഥാനങ്ങളിൽ 2022 ൽ പതിനഞ്ചാം റാങ്ക്, 2024ൽ ടോപ്പ് അച്ചീവർ, 2025ൽ ഫാസ്റ്റ് മൂവർ
- ചരിത്രത്തിലാദ്യം, ദാവോസിൽ നടന്ന ലോക സാമ്പത്തിക ഫോറത്തിൽ കേരളം 1.18 ലക്ഷം കോടി രൂപയുടെ ധാരണാപത്രം ഒപ്പിട്ടു

**ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് വഴി നിക്ഷേപ വാതിൽ തുറന്നു**

- 449 കമ്പനികളുമായി താൽപര്യപത്രം ഒപ്പുവച്ചു
- 109 കമ്പനികൾ നിർമ്മാണം ആരംഭിച്ചു
- 35,608 കോടി രൂപയുടെ നിക്ഷേപം
- 50,000 തൊഴിലവസരങ്ങൾ
- കെ-സ്വിഫ്റ്റ് – രാജ്യത്തെ മികച്ച ഏകജാലക നിക്ഷേപ സംവിധാനം
- കെ-സിസ് (K-CIS) – ഏകീകൃത പരിശോധന സംവിധാനം

**പൊതുമേഖലയും സ്ഥാപന ശാക്തീകരണവും**

- കേന്ദ്ര സർക്കാർ അടച്ചു പൂട്ടിയ HNL കേരളം ഏറ്റെടുത്തു
- കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് (KPPL) രൂപീകരിച്ച് പുനരാരംഭിച്ചു
- കാസർഗോഡ് KEL–EML കേരള സർക്കാർ ഏറ്റെടുത്തു

**27 പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിൽ**

- കെൽട്രോൺ – 1,056.94 കോടി രൂപയുടെ വിറ്റുവരവ്

**സംരംഭക വർഷം പദ്ധതിയിൽ**

- 3,53,133 സംരംഭങ്ങൾ ആരംഭിച്ചു
- 22,688.47 കോടി രൂപയുടെ നിക്ഷേപം
- 7,49,712 പേർക്ക് തൊഴിൽ

**മിഷൻ 1000**

- 1,000 MSME കളെ 100 കോടി രൂപ വാർഷിക വിറ്റുവരവിലേക്ക് ഉയർത്തുന്ന പദ്ധതി

**വ്യവസായ അടിസ്ഥാന സൗകര്യങ്ങൾ**

- സ്വകാര്യ- ക്യാമ്പസ് - സഹകരണ വ്യവസായ പാർക്കുകൾ
- കൊച്ചി – ബാംഗ്ലൂർ വ്യവസായ ഇടനാഴി കുതിപ്പിന് കളമൊരുക്കി
- പാലക്കാട് ഇന്റഗ്രേറ്റഡ് മാനുഫാക്ചറിങ് ക്ലസ്റ്റർ നിർമ്മാണം ആരംഭിച്ചു
- 10,000 കോടി രൂപയുടെ പദ്ധതി
- 90,000 തൊഴിലവസരങ്ങൾ

**കിൻഫ്ര പാർക്കുകൾ**

- മൊത്തം നിക്ഷേപത്തിന്റെ 40%വും 2021–26 കാലയളവിൽ
- മൊത്തം തൊഴിലവസരസൃഷ്ടിയുടെ 40%വും 2021–26 കാലയളവിൽ
- ആകെ 31 പാർക്കുകൾ
- 4 പാർക്കുകൾക്ക് ദേശീയ ബഹുമതി
- പെട്രോകെമിക്കൽ പാർക്ക്, സ്പൈസസ് പാർക്ക്, കാക്കഞ്ചേരി, രാമനാട്ടുകര SDFകൾ, മുണ്ടക്കൽ പാർക്ക്, പെരുമ്പാവൂർ ഇലക്ട്രോണിക്സ് പാർക്ക് എന്നിവ പ്രവർത്തന സജ്ജം

**പരമ്പരാഗത മേഖലക്ക് സംരക്ഷണം**

- 2021–25 കാലയളവിൽ കയർ മേഖലയ്ക്ക് 440 കോടി രൂപ
- കയർ ഉൽപ്പന്നങ്ങളുടെ വിപണനം ഡിജിറ്റൽ പ്ലാറ്റ്ഫോമിലൂടെ.
- യൂറോപ്പിലേക്ക് കയർ കയറ്റുമതി ആരംഭിച്ചു
- കശുവണ്ടി ഫാക്ടറികൾ (പൊതുമേഖലയും സ്വകാര്യവും) പുനരുദ്ധരിക്കാൻ പദ്ധതി
- മിനിമം കൂലി 23% വർധിപ്പിച്ചു
- സ്കൂൾ യൂണിഫോം പദ്ധതി വഴി കൈത്തറി മേഖലയ്ക്ക് ഉണർവ്
- കോട്ടൺ ബോർഡ് രൂപീകരിച്ചു

ഒന്നായി തുടരാം
നവകേരളത്തിലേക്ക്

